(2) വിദ്യാഭ്യാസ അവകാശ നിയമം

ശ്രീ. എം. എം. മോനായി : സർ, "വിദ്യാഭ്യാസ അവകാശ നിയമം നടപ്പാക്കുന്നതിന്റെ ഭാഗമായി സംസ്ഥാന ഗവൺമെന്റിന് അധികമായി വരുന്ന ചെലവ് പൂർണ്ണമായും കേന്ദ്ര സർക്കാർ വഹിക്കണമെന്ന് ഈ സഭ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുന്നു" എന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എം. ചന്ദ്രൻ : സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. എം. എം. മോനായി : കേന്ദ്ര വിദ്യാഭ്യാസ അവകാശനിയമം പലതുകൊണ്ടും പുരോഗമനപരമായ ഒരു നിയമമാണെന്ന കാര്യത്തിൽ തർക്കമില്ല. പക്ഷേ, നമ്മുടെ സ്വാതന്ത്ര്യത്തിന്റെ നീണ്ട 63 വർഷങ്ങൾക്കു ശേഷമാണ് ഈയൊരു നിയമം പാസ്സാക്കുന്നതിനുവേണ്ടി കേന്ദ്ര ഗവൺമെന്റിന് സാധിച്ചതെന്ന യാഥാർത്ഥ്യത്തെ നമ്മൾ തിരിച്ചറിയണം. 1910-ൽ ഗോപാലകൃഷ്ണ ഗോഖലെ അന്നത്തെ ബോംബെയിലെ ഇംപീരിയൽ അസംബ്ലിയിൽ സാർവ്വത്രികവും സൗജന്യവുമായ വിദ്യാഭ്യാസത്തിനുവേണ്ടി പൊരുതുകയുണ്ടായി. കൂടാതെ ദേശീയ സ്വാതന്ത്ര്യ സമരത്തിലെ നിരവധി ആളുകൾ ഈ സാർവ്വത്രികവും സൗജന്യവുമായ വിദ്യാഭ്യാസ അവകാശത്തിനു വേണ്ടിയും വാദിച്ചു. പക്ഷേ നമുക്ക് ഇപ്പോഴാണ് അത് നിയമമായി പ്രാബല്യത്തിൽ വരുത്താൻ സാധിച്ചത്. പക്ഷേ നിയമം കൊണ്ടുമാത്രമായില്ല. ഈ വിദ്യാഭ്യാസ അവകാശനിയമം കേരളത്തിൽ അതേപോലെ നടപ്പിലാക്കിക്കഴിഞ്ഞാൽ വലിയൊരു ശിക്ഷയായിപ്പോകുമെന്നുള്ളത് ഇന്ന് കേരളത്തിൽ പ്രവർത്തിക്കുന്ന നിരവധി മാധ്യമങ്ങളും വിദ്യാഭ്യാസ വിചക്ഷണന്മാരും സംഘടനാ നേതാക്കളുമെല്ലാം പറഞ്ഞിട്ടുണ്ട്. അതുപോലെതന്നെ ഇതിന്റെ അധികച്ചെലവുകളെ സംബന്ധിച്ച് നിയമം അനുശാസിക്കുന്നത് 25 ശതമാനം കേന്ദ്രം വഹിക്കണമെന്നാണ്. പക്ഷേ, കേരളത്തിൽ വിദ്യാഭ്യാസമേഖലയിലെ അതിശക്തിയായ മുതൽമുടക്കിന്റെ ഫലമായി ഈ വിധത്തിലൊരു അനുപാതം തന്നെ നിർണ്ണയിക്കപ്പെട്ടത് ശരിയല്ല. അതുകൊണ്ടാണ് ഇതിന്റെ പൂർണ്ണമായ ചെലവ് കേന്ദ്രം വഹിക്കണമെന്ന ഒരു പ്രമേയം ഇവിടെ അവതരിപ്പിക്കപ്പെടാനിടയായത്. നാലാം നൂറ്റാണ്ടിലെ ബൗദ്ധപണ്ഡിതനായിരുന്ന വസുബന്ധു, അദ്ദേഹത്തിന്റെ ഗാഥാസംഗ്രഹത്തിൽ പറയുന്ന ഒരു കഥയുണ്ട്. അതായത് ഒരു കുറുക്കൻ, വളരെ അധ്വാനിക്കാതെ, സിംഹത്തിന്റെ കൂടെച്ചേർന്ന് സിംഹം കൊന്നുതിന്നുന്ന മൃഗങ്ങളെ ഭക്ഷിക്കണമെന്ന ഉദ്ദേശത്തോടുകൂടി സിംഹത്തിന്റെ കൂടെ നടക്കുകയായിരുന്നു. ഒരു ദിവസം സിംഹം ഒരു കരടിയെ കൊന്നു. സിംഹം കുറുക്കനോട് കരടിയേയുമെടുത്ത് നടക്കാൻ പറഞ്ഞു. അപ്പോൾ കുറുക്കൻ തന്റെ തന്ത്രം മാറ്റിച്ചവിട്ടിയിട്ട് പറഞ്ഞു, ഞാൻ ചുമടെടുക്കാം പക്ഷേ ചുമടെടുക്കുമ്പോൾ രണ്ട് കാര്യങ്ങൾ ചെയ്യണം. ഭാരമെടുക്കുകയും ഒച്ചവയ്ക്കുകയും വേണം. എനിക്ക് ഏതെങ്കിലും ഒരു കാര്യം മാത്രമേ ചെയ്യാൻ സാധിക്കുകയുള്ളൂ. രണ്ടുംകൂടി പറ്റില്ല. താൻ ഒച്ച വച്ചോളാമെന്ന് കുറുക്കൻ പറഞ്ഞു. അഭിമാനിയായ സിംഹം ഭാരമെടുത്തു. കുറുക്കൻ ഒച്ചവച്ചു. അതുപോലെ ഇതിന്റെ മേന്മ നടിക്കുന്നത് കേന്ദ്രവും അതായത് ഒച്ചവയ്ക്കുന്നത് കേന്ദ്രവും വാസ്തവത്തിൽ അതിന്റെ ഭാരം

LIBRARY ARCHIVES Kerala Legislative Assembly

സംസ്ഥാനങ്ങളുമാണ് വഹിക്കുന്നത്. ചെണ്ടയുടെ കാര്യം പറഞ്ഞതുപോലെ ചെണ്ടക്ക് അടികൊള്ളുന്നു. പക്ഷേ കാശ് കിട്ടുന്നത് ചെണ്ടക്കാരന്. അപ്പോൾ നിയമം പുരോഗമനപരമാണെങ്കിലും ഇവിടെ നിയമം കൊണ്ട് മാത്രമായില്ല. ഇവിടെ നിയമമുണ്ടായിരുന്നു. 1914-ൽ പഞ്ചമി എന്നുപറയുന്ന കൊച്ചു കുട്ടിയേയുമെടുത്തുകൊണ്ട് നെയ്യാറ്റിൻകരയിലെ ഊരുട്ടമ്പലം സർക്കാർ പള്ളിക്കൂടത്തിൽ അയ്യങ്കാളി ചെന്നപ്പോൾ ആ കലാലയത്തിന് തീവച്ച ചരിത്രം നമ്മുടെ കേരളത്തിലുണ്ട്. ഞങ്ങളുടെ പിള്ളേരെ സ്ക്കൂളിൽ കയറ്റിയില്ലെങ്കിൽ നിങ്ങളുടെ പാടത്ത് പണിയാനും തയ്യാറല്ലെന്നു പറഞ്ഞു കൊണ്ട് അതിശക്തിയായ ഒരു സമരം ഇവിടെ ആരംഭിക്കുകയുണ്ടായി. നാരായണഗുരുവിന്റെ നേതൃത്വത്തിലും മറ്റ് നിരവധി സാമൂഹ്യ പരിഷ്ക്കർത്താക്കളുടെ നേതൃത്വത്തിലും 'വിദ്യ കൊണ്ട് സ്വതന്ത്രരാകുവാനും സംഘടനകൊണ്ട് ശക്തരാകാനും' പറഞ്ഞ ആ കേരളത്തിന്റെ സാമൂഹ്യ പരിഷ്ക്കരണ രംഗത്ത് നടത്തിയ അതിശക്തിയായ ഇടപെടലുകളും എല്ലാം കൂടി ചേർന്നിട്ടാണ് ഇന്ന് കേരളത്തിൽ വിദ്യാഭ്യാസ രംഗത്ത് നിലനിൽക്കുന്ന മേന്മ നമുക്ക് ലഭിച്ചത്. സത്യത്തിൽ ചരിത്രത്തെ നമുക്കൊരിക്കലും മറക്കാൻ സാധിക്കില്ല. 1957-ലെ വിദ്യാഭ്യാസ ബില്ലും 1967-ലെ ഭൂപരിഷ്ക്കരണ നിയമവുമാണ് കേരളത്തിന്റെ വിദ്യാഭ്യാസ പുരോഗതിക്ക് അടിസ്ഥാനം. മണ്ണിൽ കാലുറച്ചുനിന്ന മലയാളിയും ക്ലാസ് മുറിയിൽ നിവർന്നുനിന്ന അദ്ധ്യാപകനുമാണ് കേരളത്തിന്റെ വിദ്യാഭ്യാസ ചരിത്രം മാറ്റിയിരിക്കുന്നത്. നമ്മുടെ മലയാള കഥാസാഹിത്യത്തിലെ ഏറ്റവും പ്രശസ്തനായ കഥാകൃത്തായിരുന്ന കാരൂരിന്റെ ഏറ്റവും പ്രശസ്തമായ കൃതികളിലൊന്നാണ് 'പൊതിച്ചോറ്' എന്നുപറയുന്നത്. ആ 'പൊതിച്ചോറ്' എന്നുപറയുന്ന കൃതിയിൽ വേറെ വസ്ത്രം മാറ്റിയുടുക്കാൻ നിവൃത്തിയില്ലായിരുന്ന അദ്ധ്യാപകൻ മറ്റ് ആളുകൾ തന്നെ കുളിക്കടവിൽ വീക്ഷിക്കുന്നുണ്ടോ എന്നു പരിശോധിച്ചശേഷം വെള്ളത്തിൽ ആണ്ടിറങ്ങി ഉടുത്തിരുന്ന അതേ മുണ്ടുതന്നെ ആരും കാണാതെ പിഴിഞ്ഞുടുത്ത് സ്ക്കൂളിലേക്ക് പോയിരുന്ന ആ അദ്ധ്യാപകന്റെ കഥ അല്ലെങ്കിൽ അദ്ധ്യാപകന്റെ ചരിത്രം നമ്മുടെ കേരളത്തിലുണ്ടായിരുന്നു. കുട്ടി ഭക്ഷിച്ച പൊതിച്ചോറിന്റെ ഉച്ഛിഷ്ടം മറ്റാരെങ്കിലും കാണുന്നുണ്ടോ എന്ന് പരതി ആ ഉച്ഛിഷ്ടം ഭക്ഷിക്കേണ്ടിവന്ന അദ്ധ്യാപകന്റെ കഥയാണ് 'പൊതിച്ചോർ' എന്നുപറയുന്ന ഈ കഥയിൽ വർണ്ണിക്കുന്നത്. അങ്ങനെയുള്ള കേരളത്തിന്റെ വിദ്യാഭ്യാസ രംഗത്ത് വിദ്യാഭ്യാസ ബില്ല് കൊണ്ടുവന്ന പരിഷ്ക്കാരങ്ങൾ, ഈ പരിഷ്ക്കാരങ്ങളെല്ലാം കൂടിയാണ് കേരളത്തിലെ വിദ്യാഭ്യാസ രംഗത്തിന് അതിശക്തിയായ പുരോഗതിയുണ്ടാക്കിയത്. ഒരു നൂറ്റാണ്ടിന്റെ സാർവ്വത്രിക വിദ്യാഭ്യാസവും, 60 വർഷംകൊണ്ട് കേരളത്തിൽ യാഥാർത്ഥ്യമാക്കിയ കേരള വിദ്യാഭ്യാസ നിയമത്തിലെ സാമൂഹിക അക്കാദമിക ആശയങ്ങളുമാണ് ഈ അരനൂറ്റാണ്ടിനുശേഷം ഇന്ന് കേന്ദ്ര സർക്കാർ പരിഷ്കരിക്കാൻ ശ്രമിക്കുന്നത്. അങ്ങനെ പരിഷ്ക്കരിക്കപ്പെടുമ്പോൾ കേരളം കൈവരിച്ചിട്ടുള്ള നേട്ടങ്ങളെ അവഗണിക്കരുത്. കേരളം കൈവരിച്ച നേട്ടങ്ങൾ എന്ന് പറയുമ്പോൾ വിദ്യാഭ്യാസ മേഖലയിൽ കേരളത്തിൽ ഇന്ന് എല്ലാവിഭാഗത്തിലും കൂടി

LIBRARY ARCHIVES Kerala Legislative Assembly

2006-7-ലെ കണക്കനുസരിച്ച് 16,017 വിദ്യാലയങ്ങളാണ് ഉള്ളത്. അതിൽ സ്റ്റേറ്റ് ഗവൺമെന്റിന്റെ സ്കൂളുകൾ - 4,498, Private Schools aided by the State Government- 7290 കേന്ദ്രീയ വിദ്യാലയങ്ങൾ-26, നവോദയ വിദ്യാലയങ്ങൾ-14, അങ്ങനെ 11,828 ആണ് സർക്കാർ സഹായിക്കുന്നതും സർക്കാരിന്റെ ഉടമസ്ഥതയിലുള്ളതുമായിട്ടുള്ള നമ്മുടെ വിദ്യാലയങ്ങളുടെ എണ്ണമെന്ന് പറയുന്നത്. ഒരു കിലോമീറ്ററിനുള്ളിൽ എൽ.പി. സ്ക്കൂളും 3 കിലോമീറ്ററിനുള്ളിൽ യു.പി. സ്ക്കൂളും എന്ന് പറയുന്നത് വർഷങ്ങൾക്ക് മുൻപ് കേരളം നടപ്പിലാക്കിയതാണ്, അത്രയും മുതൽമുടക്ക് കേരളം നടപ്പിലാക്കി. ആ മുതൽ മുടക്ക് നടപ്പിലാക്കിയ കേരളത്തിന് വിദ്യാഭ്യാസ അവകാശ നിയമം നടപ്പിലാക്കുമ്പോൾ കൂടുതൽ വിഹിതം വേണം. ഹാജർ വേണ്ട, വായിക്കണ്ട, പഠിക്കണ്ട, ചിന്തിക്കേണ്ട, തോൽപ്പിക്കാൻ പാടില്ല ഈ വിധത്തിൽ ഒരു അനൗപചാരിക വിദ്യാഭ്യാസത്തിന്റെ തലത്തിലേക്കാണ് ഈ വിദ്യാഭ്യാസ അവകാശ നിയമത്തെ കേന്ദ്രഗവൺമെന്റ് കാണുന്നത്. പക്ഷേ, ഔപചാരിക വിദ്യാഭ്യാസത്തിൽ വളരെയേറെ മുന്നോട്ട് പോയ കേരളത്തിന് ഇത് തിരിച്ചടിയാകരുത്. അമർത്യാ സെൻ പറഞ്ഞതുപോലെ നിങ്ങളുടെ ദാരിദ്ര്യം പരിഹരിക്കുന്നതിന് ആദ്യം ചെയ്യേണ്ടത് അവർക്ക് വിദ്യാഭ്യാസം നൽകുക എന്ന് തിരിച്ചറിഞ്ഞ ഒരു സംസ്ഥാനമാണ് കേരളം. 'വിശക്കുന്ന മനുഷ്യാ നീ പുസ്തകം കയ്യിലെടുക്കു' എന്ന കവിതയെപ്പോലെ, വിജ്ഞാനത്തിലൂടെ ഇവിടത്തെ സാമൂഹിക അസമത്വങ്ങൾ പരിഹരിച്ച ഒരു സമൂഹത്തോട് 100 വർഷം മുൻപ് കേരളം നടപ്പിലാക്കിയ അതേ വിദ്യാഭ്യാസ അവകാശ നിയമങ്ങൾ അതേപടി നടപ്പാക്കുന്നത് കേരളം നേടിയ നേട്ടങ്ങളെ പിന്നോട്ടടിക്കുന്ന ഒന്നായിരിക്കും. അതുകൊണ്ട് ഈ സഭ ഏകകണ്ഠമായി പാസ്സാക്കണം..... ഇത് കേരളത്തിന്റെ കേരളീയതയുടെ നേട്ടത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട ഒന്നാണ്. കാരണം കഴിഞ്ഞ വർഷം 25,000 കോടി ഡോളറാണ് കേരളത്തിലേക്ക് ഒഴുകി എത്തിയത്. നമ്മുടെ വിദ്യാഭ്യാസത്തിന്റെ നേട്ടത്തിന്റെ ഫലമായി ഇന്ന് മലയാളഭാഷ ലോകഭാഷയായി അല്ലെങ്കിൽ ക്ലാസിക്കൽ ഭാഷയായി അംഗീകരിക്കപ്പെടണമെന്ന നിവേദനം വച്ചപ്പോൾ ഇന്ന് ലോകത്താകെ സംസാരിക്കപ്പെടുന്ന, നിരവധി പ്രദേശങ്ങളിൽ സാന്നിദ്ധ്യമുള്ള ഒരു ഭാഷയായി മലയാള ഭാഷ മാറിയെങ്കിൽ അതിന് കാരണം വിദ്യാഭ്യാസ രംഗത്ത് നാം ഉണ്ടാക്കിയ മികവും നേട്ടങ്ങളുമാണ്. ആ നേട്ടങ്ങളെ വിസ്മരിച്ചുകൊണ്ട് കേന്ദ്രം ഒരു നിയമം പാസ്സാക്കുമ്പോൾ ഒരു സംസ്ഥാനത്ത് നടന്ന പരിഷ്ക്കരണങ്ങളെ അവഗണിച്ചുകൊണ്ടോ വിസ്മരിച്ചുകൊണ്ടോ തമസ്ക്കരിച്ചുകൊണ്ടോ അല്ല ഒരു നിയമം കൊണ്ടുവരേണ്ടത്. അപ്പോൾ ആ നിലയിൽ കേരളത്തിന്റെ വിദ്യാഭ്യാസ മന്ത്രി പറഞ്ഞതുപോലെ.....

<u>ശ്രീ. എ. എം. ആരിഫ്</u> : സർ, കേരളം കൈവരിച്ച വിദ്യാഭ്യാസ പുരോഗതി സംബന്ധിച്ചാണ് അങ്ങ് സംസാരിക്കുന്നത്. നമ്മുടെ രാജ്യം സ്വാതന്ത്ര്യം നേടി ആറ് പതിറ്റാണ്ട് കഴിഞ്ഞിട്ടും 65 ശതമാനം പേരും നിരക്ഷരരാണ് എന്നുള്ള വസ്തുത അങ്ങയുടെ ശ്രദ്ധയിലുണ്ടല്ലോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. എം. മോനായി : ബോദ്ധ്യമായ കാര്യമാണല്ലൊ, ഇപ്പോൾ തന്നെ പുറപ്പെടുവിച്ചിട്ടുള്ള, United Nation Development Report ഇന്ത്യയിലെ പൊതുവായ ദാരിദ്ര്യത്തെ സംബന്ധിച്ച്, വിദ്യാഭ്യാസ പിന്നോക്കാവസ്ഥയെ സംബന്ധിച്ച്, മറ്റ് നിരവധി കാര്യങ്ങളെ സംബന്ധിച്ച് നോക്കുമ്പോൾ 63 വർഷങ്ങൾക്ക് ശേഷം ഇന്ത്യ എവിടെ എത്തിനിൽക്കുന്നു എന്ന് തിരിച്ചറിയുമ്പോഴാണ് കേരളത്തിന്റെ സാമൂഹിക സൂചകങ്ങളുടെ നേട്ടങ്ങളുടെ പ്രാധാന്യത്തെക്കുറിച്ച് മനസ്സിലാക്കേണ്ടത്. കേരളത്തിലെ വിദ്യാലയ പ്രവേശനം പൂർണ്ണമായതിനാൽ ഇനി പുതുതായി സ്ക്കൂൾ തുടങ്ങുന്നതിന് വേണ്ടിയുള്ള ഫണ്ടല്ല, ഉള്ളത് മെച്ചപ്പെടുത്താനും പുനർനിർമ്മിക്കാനുമുള്ള ഫണ്ടാണ് നമുക്ക് വേണ്ടത്. കേന്ദ്ര നിയമമനുസരിച്ച് 8-ാം ക്ലാസ് വരെയുള്ള കുട്ടികൾക്ക് വിദ്യാഭ്യാസം നൽകാനുള്ള അധിക ചെലവിന്റെ 75 ശതമാനമാണ് സംസ്ഥാനങ്ങൾക്ക് നൽകുന്നത്. വിദ്യാഭ്യാസ രംഗത്ത് ഒരു മുതൽ മുടക്കും നടത്തിയിട്ടില്ലാത്ത അന്യസംസ്ഥാനങ്ങൾക്ക് വൻ ആനുകൂല്യം കേന്ദ്ര സർക്കാർ നൽകുമ്പോൾ ഈ രംഗത്ത് കോടിക്കണക്കിന് രൂപ കേരളം ഇപ്പോൾത്തന്നെ മുതൽ മുടക്കിയിട്ടുള്ളതിനാൽ നമുക്ക് അധികച്ചെലവ് ലഭിക്കുന്നില്ല. അതുകൊണ്ട് അതിന് ഒരു പ്രത്യേക പരിഗണന നൽകുകയും ഈ നിയമം നടപ്പിലാക്കുമ്പോഴുണ്ടാകുന്ന അധികച്ചെലവ് മുഴുവനും വഹിക്കാൻ കേന്ദ്ര സർക്കാർ തയ്യാറാകുകയും വേണം. വിദ്യാഭ്യാസ ഘടനയിൽ സ്ക്കൂൾ പ്രവേശന പ്രായം കേന്ദ്ര നിയമത്തിനനുസരിച്ച് മാറ്റിയെടുക്കുക എന്ന് പറയുന്നത് വളരെ പ്രയാസകരമാണ്, അത് ഒട്ടനവധി പ്രശ്നങ്ങൾ കേരളത്തിലുണ്ടാക്കും. നേരത്തെ ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി സൂചിപ്പിച്ചതുപോലെ 1 മുതൽ 5 വരെ എൽ.പി. വിഭാഗവും 6 മുതൽ 8 വരെ യു.പി. വിഭാഗവും 9 മുതൽ 10 വരെ ഹൈസ്ക്കൂൾ വിഭാഗവുമാണ്.

ശ്രീ. പി. ജയരാജൻ : സർ, നിയമത്തിന്റെ കാര്യം ബഹുമാനപ്പെട്ട മോനായി ഇവിടെ പറയുകയുണ്ടായി. ഈ നിയമത്തിന്റെ പേര് The Right of Children to Free and Compulsory Education Act എന്നാണ്. പക്ഷേ സ്ക്കൂളിന്റെ നിർവ്വചനത്തിൽ, അൺ-എയിഡഡ് സ്ക്കൂളുകൾ വരും. അൺ-എയിഡഡ് സ്ക്കൂളുകളെ സംബന്ധിച്ച് പറയുന്നത് 25 ശതമാനം വിദ്യാർത്ഥികൾക്ക് മാത്രമേ സൗജന്യം കൊടുക്കേണ്ടതുള്ളു എന്നാണ്. ഞാൻ അതിന്റെ ബന്ധപ്പെട്ട വകുപ്പ് ഇവിടെ വായിക്കുന്നില്ല. അപ്പോൾ 25 ശതമാനം കഴിഞ്ഞ് കഴിഞ്ഞാൽ 75 ശതമാനം വിദ്യാർത്ഥികൾക്കും ഫീസ് കൊടുത്ത് പഠിപ്പിക്കാവുന്ന ഒരവസ്ഥയാണ് ഈ നിയമമനുസരിച്ച് ഉള്ളത് എന്ന കാര്യം ബഹുമാനപ്പെട്ട അംഗം മനസ്സിലാക്കിയിട്ടില്ലേ ?

ശ്രീ. എം. എം. മോനായി : വളരെ ശരിയാണ്, ഞാൻ അതിലേക്ക് വരാനിരിക്കുകയായിരുന്നു. ഇത് വിദ്യാഭ്യാസ അവകാശ നിയമത്തിന്റെ പേരിൽ ഔപചാരികയാണ്. വിദ്യാഭ്യാസത്തിന് പകരമായി അനൗപചാരികമായ വിദ്യാഭ്യാസം ഇവിടെ പ്രചരിപ്പിക്കുകയും ഒന്നാം ക്ലാസ് മുതൽ എട്ടാം ക്ലാസ് വരെ അവരെ പഠിപ്പിക്കുകയും എട്ടാം ക്ലാസ്സിന് ശേഷം എന്ത്

വേണമെന്നതിനെ സംബന്ധിച്ച് ഒന്നും പറയാതിരിക്കുകയും ഇഷ്ടംപോലെ അൺ-എയിഡഡ് സ്ക്കൂളുകൾ തുടങ്ങുന്നതിന് വേണ്ടി അനുവാദം നൽകുകയും ആ സ്ക്കൂളുകളിൽ സൗജന്യമായി പഠിപ്പിക്കുന്നതിന്റെ 25 ശതമാനം കേന്ദ്ര ഗവൺമെന്റ് നൽകണമെന്ന് പറയുകയും അങ്ങനെ ഒരു പുതിയ വരേണ്യ വിഭാഗത്തെ, അതായത് വാസ്തവത്തിൽ വിദ്യാഭ്യാസ രംഗത്ത് പുതിയ വരേണ്യപരമായ ഒരു സംസ്ക്കാരമാണ് കേന്ദ്ര വിദ്യാഭ്യാസ അവകാശ നിയമം ഫലപ്രാപ്തിയിൽ വരുമ്പോൾ ഉണ്ടാകാൻ പോകുന്നത്.

ശ്രീ. എം. ഉമ്മർ : ബഹുമാനപ്പെട്ട ജയരാജൻ ചൂണ്ടിക്കാണിച്ചത് വിരുദ്ധമായി, യഥാർത്ഥത്തിൽ അൺ-എയിഡഡ് വിദ്യാലയങ്ങളിൽ 25 ശതമാനത്തോളം വരുന്ന ആളുകൾക്ക് നിർബന്ധമായും ആ ഏരിയയിലുള്ള കുട്ടികൾക്ക് അഡ്മിഷൻ കൊടുക്കണമെന്നും അവിടെ ഗവൺമെന്റ് ഫീസ് കൊടുക്കണമെന്നുമുള്ള കാര്യമാണ് പറഞ്ഞിട്ടുള്ളത് എന്ന് അങ്ങ് മനസ്സിലാക്കിയിട്ടുണ്ടോ ; എന്ന് പറഞ്ഞാൽ അൺ-എയിഡഡ് മേഖലയിൽ വരേണ്യവർഗ്ഗത്തിന് മാത്രമായി അഡ്മിഷൻ കിട്ടുന്ന വിദ്യാലയങ്ങളിൽ 25 ശതമാനം വരുന്ന പാവപ്പെട്ടവർക്ക് അഡ്മിഷൻ അങ്ങനെയുള്ള സ്ക്കൂളുകളിൽ ഉറപ്പ് വരുത്തുന്നതാണ് ഈ നിയമത്തിന്റെ പ്രത്യേകത എന്ന് അങ്ങ് മനസ്സിലാക്കിയിട്ടുണ്ടോ ?

ശ്രീ. എം. എം. മോനായി : അങ്ങ് പറയുന്നത് ശരിയല്ല. Right to Education Act-ന്റെ സെക്ഷൻ 2, അങ്ങിത് വായിച്ചോ എന്ന് അറിയില്ല, സെക്ഷൻ 2(n)-ൽ പറയുന്നത്, "School" means any recognised school imparting elementary education and includes-

(i) A School established, owned or controlled by the appropriate Government or a local authority;

(ii) an aided school.....

(iii) a School belonging to specified category; (that means Kendriya Vidyalaya.....)

(iv) an unaided school not receiving any kind of aid or grants to meet its expenses from the appropriate Government or local authority.

ഇതിൽ നാലാമത് പറയുന്ന സ്ക്കൂളിനെ ഈ നിയമത്തിന്റെ പരിധിയിൽ നിന്ന് ഒഴിവാക്കിയിരിക്കുകയാണ്. ഈ നാലാമത് പറയുന്ന സ്ക്കൂളുകൾ സ്ഥാപിക്കുന്നതിന് കേന്ദ്ര വിദ്യാഭ്യാസ അവകാശ നിയമ പ്രകാരം ഇഷ്ടം പോലെ അനുവാദം നൽകുകയും ആ സ്ക്കൂളുകളിൽ പഠിക്കുന്ന കുട്ടികളുടെ 25 ശതമാനം ചെലവും സംസ്ഥാന ഗവൺമെന്റ് വഹിക്കണമെന്നാണ്..... (തടസ്സം).....എല്ലാ നിയമങ്ങളിലും ഉള്ള എക്സ്ക്ലൂഷൻസ്.....

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : അങ്ങ് ഇവിടെ സൂചിപ്പിച്ചതിൽ ഒരു ചെറിയ പാളിച്ചയുണ്ട്. കാരണമെന്തെന്നാൽ വിദ്യാഭ്യാസ അവകാശ നിയമത്തിൽ വളരെ വ്യക്തമായി പറയുന്ന ഒരു കാര്യം ബോധപൂർവ്വം നിങ്ങൾ മറക്കുകയാണ്. ഇതിൽ പറയുന്നത് "Ensure availability of a neighbourhood schools as specified in section 6" എന്ന് പറഞ്ഞുകൊണ്ട് വളരെ കൃത്യമായി neighbourhood school-കൾ മൂന്ന് വർഷത്തിനകത്ത് സ്ഥാപിക്കാൻ ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും ഗവൺമെന്റും മുന്നോട്ട് വരണം, അങ്ങനെ അവർ തയ്യാറാകാത്തപക്ഷം കുട്ടികൾക്ക് പഠിക്കാൻ സൗകര്യമില്ലാത്ത സ്ഥലങ്ങളിൽ വേണമെങ്കിൽ നിങ്ങൾക്ക് ഇതു പോലെയുള്ള അൺ-എയിഡഡ് സ്ക്കൂളുകളിൽ 25 ശതമാനം സീറ്റ് ഫീസ് കൊടുത്തുകൊണ്ട് ഉപയോഗപ്പെടുത്താം എന്നതാണ്, ഇത് തെറ്റായ രീതിയിൽ അങ്ങ് വ്യാഖ്യാനിക്കരുത്.

ശ്രീ. എം. എം. മോനായി : അങ്ങാണ് തെറ്റായ രീതിയിൽ വ്യാഖ്യാനിക്കുന്നത്. കാരണമെന്തെന്നാൽ neighbourhood school-കൾ സ്ഥാപിക്കേണ്ട ഉത്തരവാദിത്വം ലോക്കൽ അതോറിട്ടിക്കും ഗവൺമെന്റിനുമാണ്. Right to Education എന്ന് പറയുന്ന ഉത്തരവാദിത്വം ഈ പറയുന്ന അൺ-എയിഡഡ് സ്ക്കൂളുകൾക്ക് ഇല്ല എന്നതാണ് ഈ നിയമത്തിലെ ഏറ്റവും വലിയ അപാകത. അൺ-എയിഡഡ് സ്ക്കൂളിൽ ഫ്രീ ആന്റ് കംമ്പൽസറി എഡ്യൂക്കേഷൻ നൽകണമെന്ന് പറയുന്ന ബാധ്യതയില്ല.....

മി. സ്പീക്കർ : ശ്രീ. എം. എം. മോനായി.....അങ്ങ് അവസാനിപ്പിക്കണം .....അങ്ങ് അവസാനിപ്പിക്കണം.....

ശ്രീ. എം. എം. മോനായി : 5 മിനിട്ട് കൂടി, ഇത് സംബന്ധിച്ച് വളരെ ഗൗരവകരമായ ഒരു ചർച്ച നടന്നതുകൊണ്ടാണ് നീണ്ടുപോകുന്നത്. ഞാൻ എന്റെ പോയിന്റുകൾ പറഞ്ഞ് അവസാനിപ്പിക്കാം. ഈ നിയമം നടപ്പിലാക്കുന്നതിന്റെ ഫലമായിട്ട് ഹൈസ്ക്കൂൾ വിഭാഗത്തിലെ 20,000 അദ്ധ്യാപകരെ മാറ്റി നിറുത്തേണ്ടി വരികയും അതിൽ അയ്യായിരം പേർക്കെങ്കിലും നമ്മൾ പ്രൊട്ടക്ഷൻ കൊടുക്കേണ്ടിവരികയും ചെയ്യും. ഇതിനുള്ള ന്യായീകരണങ്ങളാണ് ഞാൻ പറയുന്നത്. അതുപോലെ ഒന്നാം ക്ലാസ് പ്രവേശന പ്രായം 6 വയസ്സാകുമ്പോൾ ഒരു വർഷം ഒന്നാം ക്ലാസ്സിൽ ശൂന്യത ഉണ്ടാകും. ഇത് തരംഗ രൂപത്തിൽ പന്ത്രണ്ടാം ക്ലാസ് വരെ വ്യാപിക്കും. അപ്പോൾ 13,000 അദ്ധ്യാപകരാണ് ഒന്നാം ക്ലാസിൽ പഠിപ്പിക്കുന്നത് ; ഈ അദ്ധ്യാപകരുടെ ജോലി ഒരു വർഷം നഷ്ടപ്പെടുന്ന അവസ്ഥ സംജാതമാകുന്നതാണ്. കേന്ദ്ര നിയമം 150-ലധികം കുട്ടികളുള്ള എൽ.പി. സ്കൂളിലും 100-ലധികം കുട്ടികളുള്ള യു.പി. സ്കൂളിലും എച്ച്.എം. തസ്തിക അനുവദിക്കുന്നു. പക്ഷേ അതിന്റെ ഫലമായി ഈ നിയമം ഇങ്ങനെ നടപ്പിലാക്കുമ്പോൾ കേരളത്തിൽ 6,000-ത്തോളം പ്രൈമറി ഹെഡ്മാസ്റ്റർമാരുടെ തസ്തികതന്നെ ഇല്ലാതാകും. അതുപോലെ തന്നെയാണ് നേരത്തെ ഇവിടെ പറഞ്ഞ അൺഎയ്ഡഡ് വിദ്യാലയങ്ങളിൽ പഠിക്കുന്ന 25 ശതമാനം ദരിദ്ര വിദ്യാർത്ഥികളുടെ ഫീസ്

LIBRARY ARCHIVES Kerala Legislative Assembly

സർക്കാർ നൽകണം. ഇവർക്ക് 8-ാം ക്ലാസ്സിനുശേഷം എന്തെന്നുള്ളത് പ്രശ്നമല്ല. അതുപോലെതന്നെ ഇന്ന് കേരളം നേരിടുന്ന, വിദ്യാഭ്യാസ സ്ഥാപനങ്ങൾ നേരിടുന്ന ഒരു നൂറ്റാണ്ട് പഴക്കമുള്ള വിദ്യാലയ കെട്ടിടങ്ങൾ, കളിസ്ഥലങ്ങൾ, ലബോറട്ടികൾ, ലൈബ്രറികൾ, സൗജന്യ പുസ്കതങ്ങൾ, ഉച്ചഭക്ഷണം, പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്ക് പ്രത്യേക പരിശീലനങ്ങൾ, ടോയ്ലറ്റ്, മറ്റ് വിധത്തിലുള്ള കായിക കലാപഠന സൗകര്യങ്ങൾ, കുടിവെള്ളം തുടങ്ങിയിട്ടുള്ള നമ്മുടെ ഇന്നത്തെ പൊതുവിദ്യാഭ്യാസ രംഗത്ത് നമ്മൾ ഉണ്ടാക്കിയ കലാലയങ്ങളെ നല്ല രീതിയിൽ പുതുക്കിപണിയുന്നതിനും ഫണ്ട് ആവശ്യമുണ്ട്. ഇന്ത്യൻ ഭരണഘടന പാസ്സായപ്പോൾ directive principles-ൽ വിദ്യാഭ്യാസം മൗലിക അവകാശമായി ഉണ്ടായിരുന്നു. പക്ഷേ സ്വാതന്ത്ര്യത്തിന്റെ 63 വർഷം പിന്നിട്ടിട്ടും ഇതുവരെ അത് പൂർണ്ണമായി നടപ്പിലാക്കാൻ സാധിച്ചിട്ടില്ല. ഒരു നിയമം പാസ്സായി എന്നുള്ളതുകൊണ്ടുമാത്രം വിദ്യാഭ്യാസം സാർവ്വത്രികവും സൗജന്യവുമാക്കാൻ സാധിക്കുകയില്ല. അതിൽ കേരളം നടത്തിയിട്ടുള്ള സാമൂഹ്യമായ ഇടപെടൽ വിസ്മരിക്കരുത്. ഈ നിയമം നടപ്പിലാക്കുമ്പോൾ കേരളം നടത്തിയിട്ടുള്ള ചരിത്ര നേട്ടങ്ങൾ തമസ്ക്കരിക്കുന്നതോ ഒഴിവാക്കുന്നതോ അതിനെ ഇല്ലാതാക്കുന്നതോ ആയിരിക്കരുത് ഈ നിയമം. അതുകൊണ്ട് കേരളം ഈ രംഗത്ത് കൈവരിച്ചിട്ടുള്ള നേട്ടങ്ങളെ കൂടുതൽ മുന്നോട്ട് കൊണ്ടുപോകുന്നതിനുവേണ്ടി ഈ വിദ്യാഭ്യാസ അവകാശ നിയമം കേരളത്തിൽ നടപ്പിലാക്കുമ്പോൾ അതിന് വേണ്ടിവരുന്ന അധികബാധ്യതയുടെ 100 ശതമാനവും കേന്ദ്ര ഗവൺമെന്റ് വഹിക്കണമെന്ന് ഞാൻ ശക്തിയായി ഈ പ്രമേയത്തിലൂടെ ആവശ്യപ്പെടുന്നു.

12.00 -12.10 PM

ശ്രീ. എം. പ്രകാശൻ മാസ്റ്റർ : സർ, ഞാൻ ഈ പ്രമേയത്തെ പിന്തുണക്കുകയാണ്. 2009 ആഗസ്റ്റ് 26-ന് പ്രസിഡന്റിന്റെ അംഗീകാരം ലഭിച്ചിട്ടുള്ള The Right of Children to Free and Compulsory Education Act, 2009 ഈ ഗവൺമെന്റ് നോട്ടിഫിക്കേഷൻ അനുസരിച്ച് 2010 ഏപ്രിൽ 1 മുതൽ രാജ്യത്താകെ നടപ്പാക്കപ്പെട്ടിരിക്കുകയാണ്. സ്വാതന്ത്ര്യം എന്റെ ജന്മാവകാശമാണ് എന്നുള്ള മുദ്രാവാക്യം ദേശീയ പ്രസ്ഥാനത്തിന്റെ കാലത്ത് ഉയർന്നുകേട്ട ഒരു നാടാണ് ഇന്ത്യ. 6 വയസ്സ് മുതൽ 14 വയസ്സുവരെയുള്ള വിദ്യാഭ്യാസം സൗജന്യവും സാർവ്വത്രികവും നിർബന്ധിതവുമായി directive principles-ന്റെ ഭാഗമായി 1950 ജനുവരി 26-ന് പ്രഖ്യാപിച്ചിട്ടുള്ള നാടാണ്. എന്നാൽ അര നൂറ്റാണ്ടുകാലം കോൺഗ്രസ് ഈ രാജ്യം ഭരിച്ചിട്ട് എന്തുകൊണ്ടാണ് ഈ പ്രഖ്യാപനമെല്ലാം ഉണ്ടായിട്ടും ഒരുകോടി കുട്ടികൾ ഇപ്പോഴും സ്കൂളിന്റെ പരിഗണനയിൽ വരാത്തത്, സ്കൂളിലേക്ക് എത്തിച്ചേരാത്തത്. ഇതിന് മറുപടി പറയേണ്ടത് കോൺഗ്രസ്സാണ്. സ്വാതന്ത്ര്യം കിട്ടി 63 വർഷങ്ങൾ കഴിഞ്ഞിട്ടും ലോകത്തിൽ ഏറ്റവും കൂടുതൽ നിരക്ഷരർ ജീവിക്കുന്ന നാടായി ഇന്ത്യ അവശേഷിക്കുകയാണ്. അപമാനഭാരത്തോടെയല്ലാതെ ഇത്തരമൊരു കാര്യത്തെ ആർക്കാണ് വീക്ഷിക്കാൻ കഴിയുന്നത്. ഈ അപമാനം രാജ്യത്തിന് ഉണ്ടാക്കിയിട്ടുള്ളത് കോൺഗ്രസ്സാണ്. യഥാർത്ഥത്തിൽ ഈ അപമാനം നമ്മുടെ രാജ്യത്ത് ഉണ്ടാക്കിയിട്ടുള്ളതിന്റെ ഒരു പിഴ മൂളുകയാണ് ഈ നിയമത്തിലൂടെ

LIBRARY ARCHIVES Kerala Legislative Assembly

യഥാർത്ഥത്തിൽ കോൺഗ്രസ്സിന്റെ കേന്ദ്ര ഗവൺമെന്റ് ചെയ്യുന്നത്. ഇവിടെ ഭരണഘടനെ സംബന്ധിച്ച് ബഹുമാനപ്പെട്ട എം. എം. മോനായി പറഞ്ഞു. ഭരണഘടനയിലെ പാർട്ട് 4, 45-ാം വകുപ്പ് പറയുന്നതെന്താണ് ? The state shall endeavour to provide early childhood care and education for all children until they complete the age of six years. ആറ് വസ്സുവരെയുള്ള കുട്ടികൾക്ക് വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട അതിന്റെ മുന്നൊരുക്കങ്ങൾ പൂർണ്ണമായി ഗവൺമെന്റിന്റെ ബാധ്യതയാണെന്നാണ്. ഇവിടെ ഈ നിയമത്തിന്റെ preamble-ൽ എന്താണ് പറയുന്നത് ? An Act provide for free and compulsory education to all children of the age of six to fourteen years എന്നാണ്. എന്നുപറഞ്ഞാൽ ആറ് വയസ്സുവരെയുള്ള മുഴുവൻ കുട്ടികൾക്കും വിദ്യാഭ്യാസം കൊടുക്കണമെന്ന് ഭരണഘടനയിൽ പറയുമ്പോൾ ആറ് വയസ്സുമുതൽ അങ്ങോട്ടുള്ളവരെ മാത്രമേ പരിഗണിക്കൂ എന്നുള്ളതാണ് പുതിയ നിയമം. ഇവിടെ നേരത്തെ സൂചിപ്പിക്കപ്പെട്ടതുപോലെ യഥാർത്ഥത്തിൽ ഭരണഘടനാ ലംഘനമാണ് ഇതിന്റെ ഭാഗമായി ഗവൺമെന്റ് നടത്തുന്നതെന്നുള്ളതാണ് സത്യം.

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി : സർ, അങ്ങ് ഇതുമുഴുവൻ വായിച്ച് നോക്കിയിട്ടുണ്ടല്ലോ. 11-ാം വകുപ്പിൽ ആറ് വയസ്സിന് താഴെയുള്ളവരുടെ വിദ്യാഭ്യാസത്തെക്കുറിച്ച് ചെയ്യേണ്ട കാര്യങ്ങളെക്കുറിച്ച് പറയുന്നുണ്ട്. നിങ്ങൾ ഇങ്ങനെ പറയരുത്.

ശ്രീ. എം. പ്രകാശൻ മാസ്റ്റർ : അതിൽ പറയുന്നുണ്ട്. ഇവിടെ സെക്കൻഡറി ഹൈസ്ക്കൂൾ മേഖലയിൽനിന്ന് കേരളത്തിൽ പഠിക്കുന്ന കുട്ടികളുടെ എണ്ണം 14.43 ലക്ഷമാണ്. 2,58,149 കുട്ടികൾ ഹയർ സെക്കൻഡറി മേഖലയിൽ പഠിക്കുന്നുണ്ട്. എന്നുപറഞ്ഞാൽ ഈ മേഖലയിൽ പഠിക്കുന്ന 17.31 ലക്ഷം വിദ്യാർത്ഥികളുടെ വിദ്യാഭ്യാസകാര്യം പരിഗണിക്കേണ്ടതില്ലെന്ന് അതിനകത്ത് പറയുകയാണ്. എട്ടാം ക്ലാസ്സുവരെ മാത്രമേ സൗജന്യ വിദ്യാഭ്യാസം കൊടുക്കുന്നതിനെക്കുറിച്ച് പറയുന്നുള്ളൂ. എട്ടാം ക്ലാസ്സിന് ശേഷമുള്ള കുട്ടികൾ പഠിക്കേണ്ടതില്ലാ എന്നാണോ ? അവർ വിദ്യാഭ്യാസം അവസാനിപ്പിക്കണമെന്നാണോ കോൺഗ്രസ് ഈ നിയമം കൊണ്ടുവരുന്നത് വഴി ഉദ്ദേശിക്കുന്നത്. യഥാർത്ഥത്തിൽ വേണ്ടത് പ്രീ-പ്രൈമറി മുതൽ ഹയർ സെക്കൻഡറി തലംവരെ സൗജന്യവും സാർവ്വത്രികവും നിർബന്ധമവുമായ വിദ്യാഭ്യാസം നടപ്പിലാക്കുന്നതിനുവേണ്ടി ഗവൺമെന്റ് സന്നദ്ധമാകുമോ എന്ന വിഷയം സംബന്ധിച്ചാണ് ഇവിടെ പറയേണ്ടതായിട്ടുള്ളത്.

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ : സർ, ഈ നിയമത്തിനകത്ത് പ്രധാനമായിട്ടും രണ്ട് വിപത്തുകളുണ്ടാകുന്നതിൽ ഒന്ന് ഇപ്പോൾ ശ്രീ. എം. പ്രകാശൻ മാസ്റ്റർ പറഞ്ഞതാണ്. ആറ് വയസ്സിന് താഴെയുള്ള കുട്ടികളുടെ സംരക്ഷണം. തീരെ ചെറിയ കുട്ടികൾക്ക് ഐ.സി.ഡി.എസ്. പ്രോജക്ടുകളൊക്കെയുണ്ട്. അതും സംസ്ഥാന ഗവൺമെന്റിന്റെമാത്രം ബാദ്ധ്യതയാക്കി മാറ്റിക്കൊണ്ടിരിക്കുകയാണ്. കേന്ദ്ര ഗവൺമെന്റ് ഒരു പ്രോജക്ട് പ്രഖ്യാപിക്കുക, അത് പിന്നീട് സംസ്ഥാന ഗവൺമെന്റിന്റെമാത്രം ബാധ്യതയാക്കുക, ഫണ്ട് തരാതിരിക്കുക അതാണ്. രണ്ടാമത്തേത്

വിദ്യാഭ്യാസത്തിനുവേണ്ടി കേരളത്തിന് അനുവദിക്കുന്ന ഫണ്ടിനകത്ത് വമ്പിച്ച രീതിയിലുള്ള കുറവ് വരാൻ പോകുകയാണ്. ബീഹാറിലും മദ്ധ്യ പ്രദേശിലുമെല്ലാം ആറുവയസ്സ് പൂർത്തിയായ കുട്ടികൾ സ്കൂളിൽ കയറിയിട്ടില്ല. അപ്പോൾ അവരെ പരിഗണിച്ചിട്ട് ഇവിടത്തെ ഫണ്ട് വെട്ടികുറയ്ക്കുമെന്നുള്ള ഒരു വിപത്ത് ഈ ബില്ലിന്റെ ഭാഗത്തുനിന്നുണ്ടെന്നുള്ളത് അങ്ങ് ശ്രദ്ധിച്ചിട്ടുണ്ടോ ?

ശ്രീ. എം. പ്രകാശൻ മാസ്റ്റർ : ഞാൻ ഇതിന്റെ ഒടുവിൽ പറയുന്നുണ്ട്. കേരളത്തിൽ ഉയർന്ന സാക്ഷരതാനിരക്കിലും വിദ്യാർത്ഥികളുടെ ഉയർന്ന നിരക്കിലുള്ള എൻറോൾമെന്റിലും, പെൺകുട്ടികളടേയും എസ്.സി./എസ്.റ്റി. വിഭാഗത്തിൽപ്പെടുന്ന കുട്ടികളുടെയും പഠനശതമാനത്തിലും, കൊഴിഞ്ഞു പോകുന്ന നിരക്കുകളുടെ താരതമ്യേനയുള്ള കുറവിലും വലിയ നിലയ്ക്കുള്ള മുന്നേറ്റം കേരളത്തിൽ ഉണ്ടാകുന്നുണ്ട്. യഥാർത്ഥത്തിൽ കേരളത്തിന്റെ സവിശേഷമായിട്ടുള്ള സാഹചര്യത്തെ ഒരുകാരണവശാലും പരിഗണിക്കുന്ന രൂപത്തിലല്ല ഈ നിയമം ഇപ്പോൾ കേന്ദ്ര ഗവൺമെന്റ് പാസ്സാക്കിയിട്ടുള്ളത്. ഈ നിയമത്തിന്റെ സെക്ഷൻ 6-ഉം 8-ഉം (ഇവിടെ ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി പറഞ്ഞല്ലോ) എടുത്ത് പരിശോധിക്കുമ്പോൾ കാണാൻ കഴിയുന്നത് സൗജന്യ വിദ്യാഭ്യാസത്തിന്റെ പൂർണ്ണമായ ചുമതല സംസ്ഥാന ഗവൺമെന്റുകളുടെയും പ്രാദേശിക ഭരണസ്ഥാപനങ്ങളുടെയും മേൽ അടിച്ചേൽപ്പിക്കുകയാണ് എന്നാണ്. ഈ പ്രവണത യഥാർത്ഥത്തിൽ ഫെഡറൽ സംവിധാനത്തിന് വളരെ ഹാനികരമാണ്. ഇത് ഒരു കാരണവശാലും അംഗീകരിക്കാൻ കഴിയുന്നതല്ല. കേരളത്തിൽ ഇപ്പോൾ അൺഎയ്ഡഡ് സ്ഥാപനങ്ങളെക്കുറിച്ച് പറഞ്ഞു. കേരളത്തിലാകെ 12,649 സ്കൂളുകളുള്ളതിൽ 4,501 ഗവൺമെന്റ് സ്കൂകളുകളാണ്. 7,284 എയ്ഡഡ് സ്കൂളുകളാണ്. എന്നാൽ 864 അൺ-എയ്ഡഡഡ് സ്കൂളുകൾ മാത്രമേ ഇവിടെയുള്ളൂ. എന്നുപറഞ്ഞാൽ കേരളത്തിൽ ആകെയുള്ള വിദ്യാർത്ഥികളുടെ 8.18 ശതമാനം മാത്രമേ അൺഎയ്ഡഡ് സ്കൂളിൽ പഠിക്കുന്നുള്ളൂ. എന്നാൽ അൺഎയ്ഡഡ് സ്ഥാപനങ്ങൾ വ്യാപകമായി ആരംഭിക്കാനും അവിടെ പഠിക്കുന്ന വളരെ പാവപ്പെട്ട കുട്ടികളിൽ 25 ശതമാനത്തിന്റെ ഫീസ് സംസ്ഥാന ഖജനാവിൽനിന്നും കൊടുക്കണമെന്നാണ് ഈ നിയമത്തിനകത്ത് പറയുന്നത്. യഥാർത്ഥത്തിൽ അൺഎയ്ഡഡ് വിദ്യാഭ്യാസ കച്ചവടക്കാരെ സഹായിക്കുന്നതിന് ബോധപൂർവ്വം ഉണ്ടാക്കപ്പെട്ട ഒരു വകുപ്പാണ് അതെന്ന് വളരെ വ്യക്തമാണ്. ഇവിടെ കേരളത്തിൽ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പശ്ചാത്തല സൗകര്യവികസനമെടുത്ത് പരിശോധിക്കുമ്പോൾ വലിയ മുന്നേറ്റമുള്ള സ്റ്റേറ്റാണ് കേരളം. കേരളത്തിൽ ആകെയുള്ള ഗവൺമെന്റ് സ്കൂളുകളിൽ 99.8 ശതമാനത്തിനും ഉറപ്പുള്ള കെട്ടിടങ്ങളുണ്ട്. 2009 സാമ്പത്തിക അവലോകന റിപ്പോർട്ടിൽ പറയുന്നത് കേരളത്തിനാകെ ഒൻപത് സ്കൂളുകൾക്ക് മാത്രമേ ഓലമേഞ്ഞ കെട്ടിടങ്ങളുള്ളൂ. ഇവിടെ കേരളത്തിൽ 95.67 ശതമാനം സർക്കാർ സ്കൂളുകളിലും കുടിവെള്ളമുണ്ട്. 96.05 ശതമാനം സ്കൂളുകളിലും മൂത്രപ്പുര സൗകര്യമുണ്ട്. യഥാർത്ഥത്തിൽ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പശ്ചാത്തല സൗകര്യങ്ങളുടെ കാര്യത്തിൽ വലിയ മുന്നേറ്റമുണ്ടാക്കിയിട്ടുള്ള സംസ്ഥാന

LIBRARY ARCHIVES Kerala Legislative Assembly

മാണ് കേരളം. അവിടെ വികസിപ്പിക്കേണ്ട കാര്യങ്ങളെ സംബന്ധിച്ചിടത്തോളം ഒരു കാര്യവും ഈ നിയമത്തിനകത്ത് പറയുന്നില്ല. അപ്പോൾ ചുമതലയെല്ലാം സംസ്ഥാനങ്ങൾക്കും ക്രെഡിറ്റ് കേന്ദ്ര ഗവൺമെന്റിനും. ഇതാണ് ഈ നിയമം കൈകാര്യം ചെയ്യുമ്പോൾ ഉണ്ടാകുന്ന ഒരു കാര്യം. ഇന്ന് കേരളത്തിൽ ലോവർ പ്രൈമറി ഒന്നാം ക്ലാസ്സുമുതൽ നാലാം ക്ലാസ്സു വരെയാണ്. Elementary വിദ്യാഭ്യാസമെന്ന് പറയുന്നത് ഒന്ന് മുതൽ ഏഴ് വരെയാണ്. എന്നാൽ ഈ നിയമത്തിനകത്ത് definition clause-ൽ പറയുന്നത്, "(f) "Elementary education" means the education from first class to eighth class". എന്നുപറഞ്ഞാൽ കേരളത്തിൽ ഈ തീരുമാനം പ്രായോഗികമായി നടപ്പിലാക്കുമ്പോൾ വലിയ പ്രയാസമുണ്ടാകും. ഇവിടെ ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി പറഞ്ഞല്ലോ, പ്രീ-പ്രൈമറി വിദ്യാഭ്യാസത്തിന്റെ ചുമതലയാകെ ഈ നിയമം സംസ്ഥാന ഗവൺമെന്റുകളുടെമേലെ അടിച്ചേൽപ്പിക്കുകയാണ്. നിങ്ങൾ പറഞ്ഞ അതേ വകുപ്പ് ഞാൻ വായിക്കാം. വകുപ്പ് (11)-നകത്ത് പറയുന്നത്, "With a view to prepare children above the age of three years for elementary education and to provide early childhood care and education for all children until they complete the age of six years, the appropriate Government....." ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി ശ്രദ്ധിക്കണം. Appropriate Government-നെക്കുറിച്ച് പറയുന്നുണ്ട്. അത് ഒന്നുകിൽ സ്റ്റേറ്റ് ഗവൺമെന്റാണ്. അല്ലെങ്കിൽ തദ്ദേശ സ്ഥാപനമാണ്. ".....the appropriate Government may make necessary arrangement for providing free pre-school education for such children." കേന്ദ്ര ഗവൺമെന്റിന് ഒരു ഉത്തരവാദിത്വവുമില്ല. പ്രീ-സ്കൂൾ എഡ്യൂക്കേഷനാകെ സംസ്ഥാന ഗവൺമെന്റോ തദ്ദേശ സ്ഥാപനങ്ങളോ നിർവ്വഹിക്കണം. അതാണ് ഞാൻ പറഞ്ഞത്, കേന്ദ്ര ഗവൺമെന്റ് ചുമതല ഒഴിഞ്ഞിട്ട് സംസ്ഥാന ഗവൺമെന്റിന്റെ ചുമതലയിലേക്ക് ഈ കാര്യം കൊണ്ടുവരികയാണ്. ഇവിടെ കേരളത്തിൽ..... രണ്ടുമൂന്ന് കാര്യങ്ങൾ പറഞ്ഞ് അവസാനിപ്പിക്കാം.

മി. സ്പീക്കർ : ശ്രീ. എം. പ്രകാശൻ മാസ്റ്റർ സമയം ലിമിറ്റാണ്.

ശ്രീ. എം. പ്രകാശൻ മാസ്റ്റർ : കേരളത്തിൽ അഞ്ച് വയസ് പൂർത്തിയായ കുട്ടികളെ സ്ക്കൂളിൽ ചേർക്കണം. നിയമത്തിൽ പറയുന്നത് എന്താണ് ? ആറ് വയസ് പൂർത്തിയായാൽ മാത്രമേ സ്ക്കൂളിൽ ചേർക്കേണ്ടൂ. എന്നുപറഞ്ഞാൽ ഇനിയുള്ള പന്ത്രണ്ട് കൊല്ലക്കാലം കേരളത്തിൽ ഒരു ക്ലാസിനെ സംബന്ധിച്ച് അവധിയായിരിക്കും. ആദ്യം ഒന്നാം ക്ലാസ് പിന്നെ രണ്ടാം ക്ലാസ് പന്ത്രണ്ടാം ക്ലാസുവരെ ഒരു കൊല്ലം അവധി പ്രഖ്യാപിക്കേണ്ടിവരുന്ന അവസ്ഥയാണ് ഇതിന്റെ ഫലമായി ഉണ്ടാകാൻ

LIBRARY ARCHIVES Kerala Legislative Assembly

പോകുന്നത്. അതുപോലെതന്നെ ഇവിടെ ഈ നിയമത്തിനകത്ത് അദ്ധ്യാപകരുമായി ബന്ധപ്പെട്ട് പറഞ്ഞ കാര്യം. കേരളത്തിൽ 1,72,639 അദ്ധ്യാപകരുണ്ട്. 1,04,928 അദ്ധ്യാപകർ ജോലി ചെയ്യുന്നത് മാനേജുമെന്റ് സ്ക്കൂളുകളിലാണ്. 31.23 ശതമാനം അദ്ധ്യാപകർ സർക്കാർ സ്ക്കൂളുകളിലാണ്. ഇതിൽ ഇന്ന് പഠിപ്പിച്ചുകൊണ്ടിരിക്കുന്ന അദ്ധ്യാപകർക്ക് ഇപ്പോൾ യോഗ്യതയില്ലെങ്കിൽ വരുന്ന അഞ്ച് കൊല്ലക്കാലം കൊണ്ട് അവർ യോഗ്യതയുണ്ടാക്കാമെന്നാണ് ഈ നിയമത്തിന്റെ പ്രൊവിഷൻ ക്ലോസിൽ പറയുന്നത്. പ്രൊവിഷൻ ഇങ്ങനെയാണ് ".....a teacher who, at the commencement of this Act, does not possess minimum qualifications as laid down under sub-section (1), shall acquire such minimum qualifications within a period of five years." അഞ്ച് കൊല്ലക്കാലം കൊണ്ട് പഠിപ്പിക്കുന്ന അദ്ധ്യാപകർക്ക് അവരുടെ ജോലിക്കുവേണ്ടിയിട്ടുള്ള പഠനം നടത്തണമെന്നാണ് അവർ പറയുന്നത്. ഈ നിയമത്തിനകത്ത് കേരളത്തിന്റെ ഏതെങ്കിലും കാര്യത്തെ പരിഗണിക്കുന്നുണ്ടോ ? അതുപോലെ അദ്ധ്യാപകരിൽ 50.27 ശതമാനം ഹൈസ്ക്കൂളിൽ പ്രവർത്തിക്കുന്നവരാണ്. ഇവിടെ 25.83 ശതമാനം അപ്പർ പ്രൈമറിയിലും 23.36 ശതമാനം പേർ ലോവർ പ്രൈമറി സ്ക്കൂളിലാണ്. ഇവിടെ ശ്രീ. എം. എം. മോനായി പറഞ്ഞു ഹൈസ്ക്കൂളുകളിൽ നിലവിൽ പഠിപ്പിക്കുന്ന 60,000 പേരിൽ 20,000 പേർ .....(തടസ്സം)..... രണ്ട് കാര്യം കൂടി. കേരളത്തിൽ വിദ്യാർത്ഥി അദ്ധ്യാപക റേഷ്യോ പ്രായോഗികമായിട്ട് 1:26 ആണ്. എന്നാൽ ഇവിടെ നിയമത്തിനകത്ത് പറയുന്നത് "Pupil-Teacher Ratio shall not exceed forty". ഇതെങ്ങനെയാണ് കേരളത്തിന് ഗുണകരമാകുന്നത്. അതുപോലെ കേരളത്തിൽ ഇപ്പോൾ എല്ലാ സ്ക്കൂളുകളിലും ഹെഡ്മാസ്റ്റർമാരുണ്ട്. ഒരു സ്ക്കൂളിൽ 150 കുട്ടികൾ ഉണ്ടെങ്കിൽ മാത്രമേ ഹെഡ്മാസ്റ്റർമാരുണ്ടാകൂ വെന്നാണ് ഇതിൽ പറയുന്നത്. ഇതെങ്ങനെയാണ് അംഗീകരിക്കാൻ കഴിയുന്നത്? ഒറ്റ കാര്യം കൂടി പറഞ്ഞ് അവസാനിപ്പിക്കാം. കേരളത്തിലിന്ന് ഏറെ ചെലവ് വിദ്യാഭ്യാസ മേഖലയിലാണ്. ഈ കഴിഞ്ഞ വികസന ചെലവിൽ ഈ സ്റ്റേറ്റ് 11.56 ശതമാനം വിദ്യാഭ്യാസ മേഖലയ്ക്കുവേണ്ടി മാറ്റിവച്ചാതാണ്, അതായത് 6117.44 കോടി രൂപ. കേരള ഗവൺമെന്റിന് വിദ്യാഭ്യാസ മേഖലയ്ക്കായി ഇതിനുമേൽ എങ്ങനെയാണ് ചെലവാക്കാൻ കഴിയുന്നത്. അതുകൊണ്ട് തീർച്ചയായും ഈ നിയമം നടപ്പാക്കുന്ന സമയത്ത് വരുന്ന അധിക ചെലവ് പരിപൂർണ്ണമായിട്ടും കേന്ദ്ര ഗവൺമെന്റ് കൈകാര്യം ചെയ്യണം. ഇതിന്റെ മുഴുവൻ ചെലവും കേന്ദ്ര ഗവൺമെന്റ് വഹിക്കണം.

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : സർ, പ്രമേയത്തെ എതിർക്കുന്നു. കുരുടൻ ആനയെ കണ്ടതുപോലെയാണ് ഈ നിയമത്തെ പലരും കാണുന്നത്. അങ്ങനെ കാണരുത്. നമ്മുടെ രാജ്യത്തിന് സ്വാതന്ത്ര്യം കിട്ടിയിട്ട് ഇത്രയേറെ നാളുകളായിട്ടും ഒരു കോടിയോളം വിദ്യാർത്ഥികൾ പഠനത്തിനായി ഇന്നും കലാലയത്തിൽ എത്തിയിട്ടില്ലെന്നുള്ള സത്യമറിഞ്ഞുകൊണ്ടാണ് കേന്ദ്ര ഗവൺമെന്റ് ഇങ്ങനെയൊരു നിയമം

LIBRARY ARCHIVES Kerala Legislative Assembly

കൊണ്ടുവരുന്നത്. ആര് ഉത്തരവാദി എന്നതല്ല. ഇന്ത്യൻ പ്രധാനമന്ത്രി ചെയ്ത ഒരു പ്രസംഗമുണ്ട്. അദ്ദേഹം പറഞ്ഞത് . "മണ്ണെണ്ണ വിളക്കിന്റെ വെളിച്ചത്തിലാണ് ഞാൻ പഠിച്ചത്. കിലോമീറ്ററുകൾ താണ്ടിയാണ് ഞാൻ സ്ക്കൂളിൽ പോയത്. വിദ്യാഭ്യാസം എന്ത് നേടിത്തന്നുവെന്ന് ഞാൻ അറിയുന്നു. ഇന്ത്യയിലെ ഒരു കുട്ടിക്കും അത് നിഷേധിക്കരുത്" അങ്ങനെയാണ് തുടങ്ങുന്നത്. അങ്ങനെ കൊണ്ടുവന്ന ഒരു നിയമം, ആ നിയമത്തെ എങ്ങനെ നമുക്ക് നടപ്പാക്കാമെന്നതിനാണ് പ്രാധാന്യം. ഇതിലൊന്ന് നടപ്പാക്കിയാൽ ഇവിടെ എന്തൊക്കെയോ അടിച്ചേൽപ്പിക്കുന്നു എന്നാണ്. നിങ്ങൾ ഈ വരിയൊന്ന് വായിക്കണം. "The appropriate Government may, by notification, make rules, for carrying out the provision of this Act." സംസ്ഥാനത്ത് ഈ നിയമം നടപ്പിലാക്കാനായി വ്യക്തമായ വ്യവസ്ഥകളുണ്ടാക്കാനുള്ള അധികാരം സംസ്ഥാനങ്ങൾക്ക് ഈ നിയമത്തിലൂടെ നൽകുമ്പോൾ എന്തിനാണ് ഈ രീതിയിൽ ഇതിനെ തെറ്റായി വ്യാഖ്യാനിക്കുന്നത് ? നിയമത്തിന്റെ സത്യം, നേരായ വശങ്ങൾ കണ്ടുപഠിക്കണം. ഇതിൽ യാഥാർത്ഥ്യമെന്താണ് ? നൈബർഹുഡ് സ്ക്കൂളുകൾ വരാൻ പോകുന്നു. നൈബർഹുഡ് സ്ക്കൂളുകൾ എന്നു പറഞ്ഞാൽ, ഒരു ലോവർ പ്രൈമറി സ്ക്കൂൾ വിദ്യാർത്ഥിക്ക് കിലോമീറ്ററിന് ഉള്ളിലും അപ്പർ പ്രൈമറി സ്ക്കൂൾ വിദ്യാർത്ഥിക്ക് രണ്ട് കിലോമീറ്ററിന് ഉള്ളിലും നൈബർഹുഡ് സ്കൂളുകൾ സ്ഥാപിക്കണമെന്നാണ്. സ്റ്റേറ്റ് ഗവൺമെന്റും അതുപോലെതന്നെ ലോക്കൽ ബോഡീസാണ് ഇത് സ്ഥാപിക്കേണ്ടത്. അവർക്ക് അത് ഉണ്ടാക്കാൻ സാധിച്ചില്ലെങ്കിൽ അവർ തൊട്ടടുത്ത അൺ-എയ്ഡഡ് സ്ക്കൂളുകളിൽ അഭയം തേടണം. അൺ-എയ്ഡഡ് സ്ക്കൂളുകളിൽ 25 ശതമാനം സീറ്റ് പാവപ്പെട്ടവന് സംവരണം ചെയ്യണമെന്ന് നിയമത്തിൽ പറയുന്നുണ്ട്. ആ ഫീസ് ഈ സ്ക്കൂളിന് അടയ്ക്കാൻ സാധിക്കാത്തിടത്തോളം കാലം ഗവൺമെന്റ് അടച്ചിരിക്കണം. അടയ്ക്കുമ്പോൾ മാനേജ്മെന്റ് പറയുന്ന ഫീസ് ആണോ, ഗവൺമെന്റ് ഒരു കുട്ടിക്കുവേണ്ടി ചെലവാക്കുന്ന വിഹിതമാണോ, ഏതാണോ കുറവ് അത് അടയ്ക്കണമെന്ന് പറയുന്നു. വളരെ വ്യക്തമായി, കൃത്യമായി ഈ കാര്യങ്ങൾ പറയുമ്പോൾ എന്തിനാണിങ്ങനെ തെറ്റിദ്ധരിപ്പിക്കുന്നത് ? രണ്ട് ലക്ഷം കോടിയോളം രൂപ ഇന്ത്യയിൽ ഇതിന് ആവശ്യമാണ്. ഈ രണ്ട് ലക്ഷം കോടിയോളം രൂപ ഒന്നിച്ച് എടുക്കണമെന്ന് പറയുന്നില്ല. വളരെ വ്യക്തമായിത്തന്നെ ഈ കാര്യത്തിൽ ഇത് പറയുന്നുണ്ട്. എങ്ങനെയാണ് ഫണ്ട്, The Central Government and the State Government shall have concurrent responsibility for providing funds for carrying out the provisions of this Act." അത് കഴിഞ്ഞ് പറയുകയാണ്, "The Central Government shall provide to the State Governments, as grants-in aid of revenues, such percentage of expenditure referred to in subsection (2) as it may determine, from time to time, in consultation with the State Governments. സ്റ്റേറ്റ് ഗവൺമെന്റുമായി കൺസൾട്ടേഷൻ നടത്തിക്കൊണ്ടാണ് ഇതിന്റെ വിഹിതം എങ്ങനെ കണ്ടെത്തണമെന്നും

LIBRARY ARCHIVES Kerala Legislative Assembly

ഉപയോഗപ്പെടുത്തണമെന്നും തീരുമാനിക്കേണ്ടത്. ഇങ്ങനെ കൃത്യമായിട്ടും വളരെ വ്യക്തമായും പറയുമ്പോൾ ഇതൊക്കെ തെറ്റിദ്ധരിപ്പിക്കത്തക്ക രീതിയിൽ കുരുടൻ ആനയെ കണ്ടതുപോലെ കാണരുത്. നമുക്ക് ഇത് എങ്ങനെ ഉപയോഗപ്പെടുത്താൻ കഴിയണം. ഇവിടെ വിദ്യാലയം ഉണ്ടാകുന്നു, ഗ്രൗണ്ട് ഉണ്ടാകുന്നു, അതുപോലെതന്നെ സ്ക്കൂളുകളിലെ വിദ്യാഭ്യാസ രംഗത്ത് മാനേജുമെന്റുകൾക്ക് മാനേജുമെന്റ് കമ്മിറ്റികൾ ഉണ്ടാക്കാം. അതിൽ ലോക്കൽ ബോഡീസിലെ അംഗം വേണം. ടീച്ചേഴ്സ് വേണം. രക്ഷകർത്താക്കളുടെ കമ്മിറ്റി വേണം. കമ്മിറ്റികൾകൂടി പഠനകാര്യങ്ങളിലും അതുപോലെ മറ്റെല്ലാ കാര്യങ്ങളെക്കുറിച്ചും ആലോചിക്കാം. അദ്ധ്യാപകരുടെ നിയമനത്തിലോ സ്ഥലംമാറ്റത്തിലോ ശിക്ഷാ നടപടിയിലോ അവർക്ക് ഇടപെടാൻ പാടില്ല. ഇങ്ങനെ വളരെ കൃത്യമായി പറയുന്നു. ഇവിടെ ഉണ്ടാകാൻ പോകുന്ന ഒരു വലിയ ഭവിഷത്ത് എന്നാണ് അങ്ങ് ഇവിടെ പറഞ്ഞത്, എട്ടാം ക്ളാസിൽ ഉണ്ടാകുന്ന മാറ്റത്തെക്കുറിച്ച് സൂചിപ്പിക്കുകയുണ്ടായി. നമ്മൾ ഇവിടെ പി.ഡി.സി. മാറ്റിയില്ലേ, പി.ഡി.സി. മാറ്റിയിട്ട് പ്ളസ് ടു കേരളത്തിൽ കൊണ്ടുവന്നപ്പോൾ ഇതുപോലെയല്ലേ ഒരു ചർച്ചയുണ്ടായത്. ആ ചർച്ചക്ക് പരിഹാരമുണ്ടാക്കിയിട്ടില്ലേ. അങ്ങ് കാണാതെ പോകുന്ന ഒന്നുണ്ട്. ഇന്ന് 1:40 or 1:50 ആണ് ഒരു ക്ളാസ് റൂമിലെ സ്ട്രെങ്ത്. അത് മാറിയിട്ട് 1:30 വരികയാണ്. 1:30 വരുമ്പോൾ സ്വാഭാവികമായും അദ്ധ്യാപകന്മാരുടെ എണ്ണത്തിൽ വർദ്ധനവുണ്ടാകണം. എന്നുമാത്രമല്ല അങ്ങനെ 1:30 വരുമ്പോൾ തന്നെ അഞ്ചിലും എട്ടിലുമുള്ള ക്രമീകരണം വരുമ്പോൾ തന്നെ അങ്ങ് പറയുന്ന ഈ ഭീതി ഇല്ലാതെയാകും. കേന്ദ്രം അനാവശ്യമായി കൊണ്ടുവരുന്നതുകൊണ്ട് ഇതിനെ നേരിടണമെന്നൊരു ഭീതി പാടില്ല. ഇന്ത്യയുടെ ഇതര സംസ്ഥാനങ്ങൾ ഇതുമായി വളരെ മുന്നോട്ടുപോയി. ഞങ്ങൾക്ക് ഇത്ര പെർസന്റേജ് വേണമെന്നുള്ള പ്രൊപ്പോസൽ ഇന്ത്യാ ഗവൺമെന്റിന് സമർപ്പിച്ചുകഴിഞ്ഞു. ഇത് നിങ്ങൾ മനസ്സിലാക്കണം. മദ്ധ്യപ്രദേശ്, ഒറീസ എന്നീ സംസ്ഥാനങ്ങൾ അവരുടെ അഭിപ്രായങ്ങൾ പറഞ്ഞുകഴിഞ്ഞു. കേരളം മാത്രം ഇനിയും കുരുടൻ ആനയെ കണ്ടതുപോലെ നിൽക്കരുത്. ഏതെങ്കിലും ഒരു ഭാഗത്ത് പിടിച്ച് ഇത് അപകടമുണ്ടാകുമെന്ന് പറയുന്നതിനുപകരം നിങ്ങൾ ഇതിന്റെ സാദ്ധ്യത കണ്ടറിഞ്ഞുകൊണ്ട് എത്രയും പെട്ടെന്ന് നടപ്പാക്കാനുള്ള ഈ പ്രമേയം ഏതു വിധേനയും നടപ്പാക്കണമെന്നാണ് എനിക്ക് ഇതിനെക്കുറിച്ച് പറയാനുള്ളത്.

ശ്രീ. കെ. രാജു : സർ, വിദ്യാഭ്യാസ അവകാശം മൗലീക അവകാശമാക്കണം. എല്ലാവർക്കും.....

മി. സ്പീക്കർ : പ്രമേയത്തിൽ ഇതൊന്നുമല്ല ആവശ്യപ്പെട്ടിരിക്കുന്നത്. കേന്ദ്രം ചെലവ് മുഴുവൻ വഹിക്കണം എന്നാണ് പ്രമേയത്തിൽ ആവശ്യപ്പെട്ടിരിക്കുന്നത്. ബാക്കി പറഞ്ഞ കാര്യങ്ങളൊന്നും പറഞ്ഞിട്ടില്ല.

ശ്രീ. കെ. രാജു : സർ, അതിലേക്കാണ് വരുന്നത്. വിദ്യാഭ്യാസം.....

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ : പ്രമേയത്തിൽ പറഞ്ഞിട്ടില്ല. നൂറ് ശതമാനം ചെലവും കേന്ദ്ര ഗവൺമെന്റ് വഹിക്കണമെന്ന് മാത്രമേ പറഞ്ഞിട്ടുള്ളു. അതിനോട് അനുകൂലമാണോ പ്രതികൂലമാണോയെന്ന് പറഞ്ഞാൽ മതി. നൂറ് ശതമാനം ചെലവ് വഹിക്കണമെന്നാണ് പ്രമേയത്തിന്റെ അവതാരകൻ പറഞ്ഞത്.

ശ്രീ. കെ. രാജു : സർ, വിദ്യാഭ്യാസ അവകാശം മൗലീക അവകാശമാക്കണം. വിദ്യാഭ്യാസ അവകാശം സാർവ്വത്രികവും അതുപോലെ സൗജന്യവുമാക്കണം. മൗലികമായ അവകാശമാക്കി മാറ്റണമെന്ന് സമരത്തിലൂടെയും പ്രക്ഷോഭണത്തിലൂടെയും ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ പൊതുപ്രവർത്തനത്തിലേക്ക് വന്ന ഒരാളാണ് ഞാൻ. വിദ്യാഭ്യാസ അവകാശം എന്ന് പറയുന്നത് ആരും നൽകുന്ന ഔദാര്യമല്ല. ആ നിലയിൽ വരണമെങ്കിൽ നമ്മുടെ ഭരണഘടനയിൽ ഫണ്ടമെന്റൽ റൈറ്റിന്റെ ഭാഗമായി തന്നെ അത് വരണം. ഫണ്ടമെന്റൽ റൈറ്റിൽ ഇല്ലായിരുന്നല്ലോ! ഒരു ഡയറക്ടീവ് പ്രിൻസിപ്പിൾ എന്നുള്ള നിലയിൽ മാത്രം ഉദ്ദേശിച്ചിരുന്നതിനെ ഇപ്പോൾ കേന്ദ്ര ഗവൺമെന്റ് നിയമ പ്രാബല്യം നൽകിയിരിക്കുന്നത് നല്ല കാര്യമാണ്. കോടതിയിൽ പോകുന്നതിന്, സൗജന്യ വിദ്യാഭ്യാസം ലഭിക്കാനുള്ള അവകാശം, അത് ഫണ്ടമെന്റൽ റൈറ്റായി കഴിഞ്ഞാൽ അത് ലഭിക്കുന്നില്ലായെങ്കിൽ കോടതിയിൽ പോകാനുള്ള അവകാശംവരെയായി വരും. ഏതായാലും ഇത്തരം ഒരു നിയമനിർമ്മാണം നടപ്പിലാക്കാൻ തയ്യാറായ കേന്ദ്ര ഗവൺമെന്റ് ഏതാണ്ട് അറുപത് വർഷക്കാലം അതായത് ആറ് പതിറ്റാണ്ട് പിന്നിട്ട ശേഷമെങ്കിലും ഇത്തരം ഒരു നിയമനിർമ്മാണം നടപ്പിലാക്കാൻ തയ്യാറായത് നല്ല കാര്യമാണ്. അത്തരം ഒരു നിയമനിർമ്മാണം നടപ്പിലാക്കുമ്പോൾ വിദ്യാഭ്യാസം എന്ന് പറയുന്നത് ഭരണഘടനയിൽ കൺകറന്റ് ലിസ്റ്റിൽപ്പെട്ട ഒരു സബ്ജക്ടാണ്. അങ്ങനെ വരുമ്പോൾ കേന്ദ്രം നിയമം നിർമ്മിച്ചാൽ കേന്ദ്രം നിർമ്മിക്കുന്ന നിയമത്തിനാണല്ലോ പ്രാബല്യം. സ്വാഭാവികമായിട്ടും കേന്ദ്രം നിർമ്മിക്കുന്ന നിയമത്തെക്കുറിച്ച് സംസ്ഥാനങ്ങളുമായി ആലോചിച്ച് സംസ്ഥാനങ്ങളുടെ നിലവിലിരിക്കുന്ന സംവിധാനങ്ങളുമായി പൊരുത്തപ്പെടുന്ന തരത്തിലുള്ള ഒരു നിയമനിർമ്മാണം നടത്താനുള്ള ബാദ്ധ്യതയാണ് യഥാർത്ഥത്തിൽ കേന്ദ്ര സർക്കാരിന് വേണ്ടത്. അതുകൊണ്ട് ഇപ്പോൾ കേന്ദ്ര ഗവൺമെന്റ് കൊണ്ടുവന്നിട്ടുള്ള ഈ നിയമത്തിൽതന്നെ അതാത് സംസ്ഥാനങ്ങൾക്ക് അനുസൃതമായിട്ടുള്ള മാറ്റങ്ങൾ വരുത്തുന്നതിനുള്ള അനുവാദം അനുവദിച്ചുകൊടുത്തുകൊണ്ട് ഈ നിയമം നടപ്പിലാക്കണം. ധാരാളം നല്ല കാര്യങ്ങൾ ഈ നിയമത്തിലുണ്ട്. അതിന്റെ ഭാഗമായിട്ട് ക്യാപ്പിറ്റേഷൻ ഫീ ഉൾപ്പെടെ ഒരു ഫീസും വാങ്ങാൻ പാടില്ല. ഒരു കുട്ടിയിൽ നിന്നും യാതൊരുവിധമായ തുകയും ഈടാക്കാൻ പാടില്ല, പ്രവേശന പരീക്ഷ നടത്താൻ പാടില്ല, പ്രവേശനവുമായി ബന്ധപ്പെട്ട് മറ്റ് നിയന്ത്രണങ്ങളൊന്നും തന്നെ വയ്ക്കാൻ പാടില്ല, കുട്ടിയെ സ്ക്കൂളിൽ നിന്നും പുറത്താക്കാൻ പാടില്ല, ഇതെല്ലാം നല്ല കാര്യങ്ങളാണ്. പക്ഷേ നമ്മുടെ നാട്ടിൽ എന്താണ് നടക്കുന്നത് ? നമ്മുടെ അൺ-എയ്ഡഡ് സ്ക്കൂളുകളിൽ എന്താണ് നടക്കുന്നത് ? അൺഎയ്ഡഡ് സ്ക്കൂളുകളെ സംബന്ധിച്ച് പറയുമ്പോൾ

അൺ-എയ്ഡഡ് സ്ക്കൂളുകൾക്ക് ഒരു നിയന്ത്രണവും ഈ നിയമത്തിൽ പറയുന്നില്ല എന്നുമാത്രമല്ല അൺ-എയ്ഡഡ് സ്ക്കൂളുകളെ പ്രോത്സാഹിപ്പിക്കുന്ന സമീപനമാണ് ഇതിൽ സ്വീകരിച്ചിരിക്കുന്നത്. അതുകൊണ്ട് അത്തരം മാറ്റങ്ങൾ വരുത്തി സംസ്ഥാനത്ത് ചർച്ച ചെയ്ത് നിയമം നടപ്പാക്കുമ്പോൾ വരുന്ന അധിക സാമ്പത്തിക ബാദ്ധ്യത കേന്ദ്ര ഗവൺമെന്റ് വഹിച്ചുകൊണ്ട് നടപ്പാക്കണമെന്നാണ് എനിക്ക് ഇതിനെക്കുറിച്ച് സൂചിപ്പിക്കുവാനുള്ളത്.

ശ്രീ. പി. സി. വിഷ്ണുനാഥ് : സർ, ശ്രീ. എം. എം. മോനായി അവതരിപ്പിച്ച പ്രമേയത്തിന് താഴെപ്പറയുന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

പ്രമേയത്തിലെ വാചകത്തിൽ "നടപ്പാക്കുന്നതിന്റെ ഭാഗമായി" എന്നതിന് പകരം "സംസ്ഥാനത്ത് ദേശീയ വിദ്യാഭ്യാസ അവകാശ നിയമം അടിയന്തരമായി നടപ്പിലാക്കണം" എന്ന വാക്കുകൾ ചേർക്കുക. ഒരു കാര്യം വേദനയോടുകൂടി പറയട്ടെ. ഏതു നന്മയേയും ഏറ്റവും വലിയ തിന്മയാക്കി ചിത്രീകരിക്കാൻ അപ്പുറത്തുള്ള ആളുകളുടെ വൈഭവത്തിന്റെ മുമ്പിൽ ഞാൻ ആദ്യമായി നമിക്കുകയാണ്. പ്രത്യേകിച്ച് ശ്രീ. കെ. രാജു ചില കാര്യങ്ങൾ നല്ലതാണെന്നും പറഞ്ഞു. എന്നാൽ ശ്രീ. എം. പ്രകാശൻ മാസ്റ്റർ ഒരു അദ്ധ്യാപകനാണ്, മന്ത്രിപോലും ചരിത്രപരമായ നിയമമാണെന്നു പറഞ്ഞ നിയമത്തെക്കുറിച്ച് ഒരു നല്ല കാര്യം പോലും പറഞ്ഞില്ല. ഞങ്ങൾ ഹയർ സെക്കണ്ടറി സ്കൂൾ അനുവദിച്ചത് അഭിനന്ദിച്ചുകൊണ്ട് എത്ര പേർ പറയാൻ തയ്യാറായി. ആ ഒരു സമീപനം കാണാത്തതിൽ ദു:ഖമുണ്ട്. അങ്ങും പറഞ്ഞു ഇവിടെ ചെലവിന്റെ കാര്യം, ചെലവിന്റെ കാര്യത്തിൽ ആശങ്കപ്പെടേണ്ട കാര്യമില്ല. കാരണം ഈ നിയമം അവതരിപ്പിക്കുമ്പോൾ ഈ വർഷത്തെ കേന്ദ്ര ബഡ്ജറ്റിൽ 25000 കോടി രൂപ ശ്രീ. പ്രണബ്കുമാർ മുഖർജി ഇതിനു വേണ്ടി മാറ്റിവച്ചിട്ടുണ്ട്.

മി. സ്പീക്കർ : ശ്രീ. പി. സി. വിഷ്ണുനാഥ്, ഞാൻ പറഞ്ഞത് പ്രമേയത്തിന്റെ കാര്യമാണ്. ബില്ലിന്റെ മെരിറ്റിലേക്കൊന്നും കടന്നിട്ടില്ല. ഞാൻ ഈ പ്രമേയം അവതരിപ്പിച്ച കാര്യം മാത്രമേ പറഞ്ഞിട്ടുള്ളൂ.

ശ്രീ. പി. സി. വിഷ്ണുനാഥ് : സർ, ഞാൻ പറയുന്നത് പ്രധാനപ്പെട്ട കാര്യമാണ്. 25000 കോടി രൂപ കേന്ദ്ര ബഡ്ജറ്റിലുണ്ട്. അതുകൂടാതെ 15000 കോടി രൂപ കേന്ദ്ര ധനകാര്യ കമ്മീഷന്റെ വിഹിതമുണ്ട്. അതെല്ലാംകൂടി 40000 കോടി രൂപ വരുന്നുണ്ട്. അതുകൂടാതെ എസ്.എസ്.എ.യുടെ 66000 കോടി രൂപ വരുന്നുണ്ട്. അപ്പോൾ ആ പണത്തിന്റെ വിഹിതം സ്വഭാവികമായും ലഭിക്കും. അല്ലാതെ വെറുതേ ഒരു നിയമം സംസ്ഥാനത്തിന്റെ തലയിൽ വെച്ചുകെട്ടുകയല്ല. അതിനു മതിയായ തുക മാറ്റിവച്ചുകൊണ്ടാണ് നിയമം നടപ്പിലാക്കാൻ തീരുമാനിക്കുന്നത്. ശ്രീ. ജെയിംസ് വർഗ്ഗീസ് കമ്മിറ്റിയെ സർക്കാർ നിയോഗിക്കുകയും ആ കമ്മിറ്റി അതിന്റെ പേരിലൊരു റിപ്പോർട്ടുണ്ടാക്കിയിട്ടുണ്ട്. ആ റിപ്പോർട്ടിൽ 9200 കോടി രൂപയുടെ അർഹത ഈ നിയമത്തിന്റെ അടിസ്ഥാനത്തിൽ നമുക്ക് അവകാശപ്പെട്ടതാണെന്ന്

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

കാണിച്ചുകൊണ്ട് സർക്കാരിന് റിപ്പോർട്ട് സമർപ്പിച്ചു. ഈ 9200 കോടി അർഹതപ്പെട്ട പണം നമുക്ക് ലഭിക്കുന്നതിന് നമ്മൾ എന്തിനാണ് എതിർക്കുന്നത് ? ആകെ എല്ലാംകൂടി ചെലവാക്കിയത് 3200 കോടി രൂപയാണ്. അപ്പോൾ ഈ 9200 കോടി രൂപയുടെ അർഹത ജെയിംസ് വർഗ്ഗീസ് കമ്മിറ്റിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സർക്കാരിന് അവകാശപ്പെട്ടതാണ്. പക്ഷെ ഇന്നലെ ദൗർഭാഗ്യകരമായൊരു വാർത്ത പത്രത്തിൽ വായിച്ചു. ജെയിംസ് വർഗ്ഗീസ് കമ്മിറ്റിയുടെ റിപ്പോർട്ടിനെ കോൾഡ് സ്റ്റോറേജിൽ വച്ചുകൊണ്ട് വീണ്ടുമൊരു ലിഡാ ജേക്കബ് കമ്മീഷനെ വച്ചിരിക്കുകയാണ്. ഇതിന്റെ അർത്ഥമെന്താണ്? ഈ സർക്കാർ ഈ നിയമം കേരളത്തിൽ അടുത്ത കാലത്തൊന്നും നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നില്ല. നടപ്പിലാക്കാൻ ഉദ്ദേശിച്ചിരുന്നെങ്കിൽ ഇവിടെ പ്രധാനപ്പെട്ട ഒന്നുരണ്ടു കാര്യം പറഞ്ഞു. 1:45 എന്നു പറയുന്ന അദ്ധ്യാപക-വിദ്യാർത്ഥി അനുപാതം മാറ്റണമെന്നുള്ളത് നമ്മുടെ അദ്ധ്യാപക സംഘടനകളുടെ, പൊതുസമൂഹത്തിന്റെ നമ്മുടെയെല്ലാം പ്രധാനപ്പെട്ട അവശ്യമായിരുന്നു. ഈ നിയമത്തിൽ അത് എൽ.പി.യിൽ 1:30-ഉം യു.പി.യിൽ 1:35-ഉം ആയി മാറുകയാണ്. അത് നിയമംമൂലം നമുക്ക് ലഭിക്കുകയാണ്. അതിനുള്ള പണം അധികമായി കേന്ദ്രത്തിൽ നിന്നും കിട്ടുകയാണ്. ആ സാഹചര്യത്തിൽ അത് 1:30 ആയി നടപ്പിലാക്കാനുള്ള അവസരം കിട്ടുന്ന സാഹചര്യത്തിൽ അതുപോലും നമ്മൾ നടപ്പിലാക്കാൻ തയ്യാറാകുന്നില്ല. അതുപോലെതന്നെ സ്കൂളുകളുടെ ഡിസൈനിൽ പോലും ഘടനാപരമായി മാറിയ സിലബസിനനുസരിച്ച് സ്കൂളിന്റെ അന്തരീക്ഷം മാറണം. നമ്മൾ കേന്ദ്രത്തെ കുറ്റപ്പെടുത്തുകയാണ് ചെയ്യുന്നത്. ഒരു മൂത്രപ്പുര പോലുമില്ലാത്ത സ്കൂളുകളുടെ കണക്ക് പറഞ്ഞുകൊണ്ട് കേരള ഹൈക്കോടതി നമ്മളെ ആക്ഷേപിച്ചു. ഈ രാജ്യത്ത് ഇല്ലേ! നമ്മുക്ക് പണം വേണ്ടേ? കേരളത്തെ അപമാനിക്കുകയാണോ കേന്ദ്ര ഗവൺമെന്റ് ചെയ്തത്. ഒരു മൂത്രപ്പുര പോലുമില്ലാത്ത സ്ക്കൂളുകൾ നമ്മുടെ സംസ്ഥാനത്തുണ്ടെന്ന് ഹൈക്കോടതി കണ്ടെത്തിയ സാഹചര്യത്തിൽ ആ കാര്യത്തിലെല്ലാം വലിയ മാറ്റങ്ങൾ വരുത്താൻ ഈ നിയമം ഉപകരിക്കുന്നതാണ്. അതുകൊണ്ട് ഈ കേന്ദ്ര വിദ്യാഭ്യാസ അവകാശ നിയമം കേരളത്തിൽ നടപ്പിലാക്കാൻ അടിയന്തരമായി ഗവൺമെന്റ് നടപടി സ്വീകരിക്കണമെന്നുമാത്രം പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രിക്കുവേണ്ടി നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ) : സർ, കേന്ദ്ര വിദ്യാഭ്യാസ അവകാശ നിയമത്തെ സംബന്ധിച്ച് ഇവിടെ നടക്കുന്ന രണ്ടാമത്തെ ചർച്ചയാണിത്. കഴിഞ്ഞ ദിവസം ഒരു ശ്രദ്ധക്ഷണിക്കൽ പ്രമേയത്തിലൂടെ ഈ വിഷയം സഭയിൽ ചർച്ച ചെയ്യപ്പെട്ടു. അന്ന് സംസ്ഥാന സർക്കാർ അതിന്റെ പരിമിതികൾക്കുള്ളിൽ നിന്നുകൊണ്ടു കുറെ

കാര്യങ്ങൾ ഇവിടെ സൂചിപ്പിക്കുകയുണ്ടായി. വളരെ പ്രധാനപ്പെട്ടതും വിദ്യാഭ്യാസരംഗത്തെ സംബന്ധിച്ച് പരമപ്രധാനമായിട്ടുള്ള ഒരു വിഷയമാണ് വിദ്യാഭ്യാസ അവകാശ നിയമം 2009 എന്നു പറയുന്നത്. അതിൽ ദേശീയ തലത്തിൽ നോക്കുമ്പോൾ ഒട്ടേറെ നല്ല കാര്യങ്ങൾ ഉൾക്കൊള്ളുന്ന ഒരു നിയമമാണ് വിദ്യാഭ്യാസ അവകാശ നിയമമെന്നു പറയുന്നത്. അതിനെ സംബന്ധിച്ച് ആർക്കുംതന്നെ തർക്കമുണ്ടാകേണ്ട കാര്യമില്ല. എന്നാൽ കേരളത്തിൽ ഇത് പ്രാവർത്തികമാക്കുമ്പോഴുള്ള പ്രായോഗികമായ പ്രശ്നങ്ങളെന്താണെന്ന് നാം മനസ്സിലാക്കിയിരിക്കണം, അറിഞ്ഞിരിക്കണം. അതിന്റെ അടിസ്ഥാനത്തിലുള്ള സമയബന്ധിതമായിട്ടുള്ള ഒരു പരിപാടിക്ക് രൂപം നൽകുക എന്നുള്ളതാണ് നമ്മുടെ മുമ്പിൽ കരണീയമായിട്ടുള്ള വിഷയം. ഇതിനുവേണ്ടിയാണ് ശ്രീ. പി. സി. വിഷ്ണുനാഥ് ഇവിടെ സൂചിപ്പിച്ചതുപോലെ ഈ നിയമം പാസ്സാക്കി 2010 ഏപ്രിൽ 1 മുതലല്ലേ നടപ്പിലാക്കേണ്ടത്, ഉടൻതന്നെ അത് നടപ്പാക്കുന്നതിനുവേണ്ടി സർക്കാർ പൊതുവിദ്യാഭ്യാസ വകുപ്പു സെക്രട്ടറി ചെയർമാനായി ഒരു കമ്മിറ്റിയെ നിയമിച്ചു. ആ കമ്മിറ്റി റിപ്പോർട്ട് ഏപ്രിൽ 13-ന് തന്നെ സമർപ്പിച്ചു. ദിവസങ്ങൾ മാത്രമേ എടുത്തിട്ടുള്ളൂ. കമ്മീഷൻ റിപ്പോർട്ടെന്നു പറഞ്ഞാൽ എത്ര കാലമാണ്. ആ റിപ്പോർട്ട് വന്നപ്പോഴാണ് ഇതിന്റെ ഗൗരവാവസ്ഥ നമുക്ക് ബോധ്യമാകുന്നത്. പ്രായോഗികമായിട്ട് കേരളം പൊതുവിദ്യാഭ്യാസ രംഗത്ത് ഉണ്ടാക്കിയ നേട്ടങ്ങൾ കണ്ണഞ്ചിപ്പിക്കുന്നതാണ്. ആ നേട്ടങ്ങളെ നേട്ടമായി അംഗീകരിച്ച് സഹായിക്കുന്നതിന് പകരം അതൊരു ശിക്ഷയായിട്ട് വരാൻ പാടില്ല. ഇപ്പോൾ വന്നിരിക്കുന്നത് അതാണ്. നേട്ടമുണ്ടാക്കിയത് ഒരു ശിക്ഷയായിട്ട് കരുതുകയാണ്. അതാണ് നമുക്ക് അതിൽ പ്രയാസമുണ്ടാക്കുന്ന ഒരു കാര്യം. ഇത് നടപ്പാക്കുന്നതിന്റെ ഭാഗമായി സാമ്പത്തികം മാത്രമല്ല, പ്രായോഗികമായിട്ടുള്ള ഒട്ടേറെ വിഷമതകളുണ്ട്. അതിലൊന്നാണ് പ്രവേശന പ്രായം ആറുവയസ്സാക്കണമെന്നതാണ്. കേരളത്തിൽ അഞ്ചു വയസ്സാണ്. അതുപോലെതന്നെ ഒന്നു മുതൽ നാലു വരെയാണ് കേരളത്തിൽ എൽ.പി. എന്നാൽ ദേശീയതലത്തിൽ ഒന്നു മുതൽ അഞ്ചുവരെയാണ്. ആ മാറ്റത്തിന്റെ പ്രശ്നം. ദേശീയതലത്തിൽ എലിമെന്ററി വിദ്യാഭ്യാസം എട്ടാം ക്ലാസ്സുവരെയാണ്. ഇവിടെയാണെങ്കിലോ എട്ടാം ക്ലാസ്സെന്നു പറയുന്നത് ഹൈസ്കൂൾ തലത്തിലാണ്. അത് മറ്റൊരു പ്രയാസമാണ്. ജനന സർട്ടിഫിക്കറ്റ് കേരളത്തിലിപ്പോൾ സാർവ്വത്രികമാണ്. അത് ആവശ്യമില്ലെന്നാണ് കേന്ദ്ര നിയമത്തിൽ. ഇതൊക്കെ നാം ചർച്ച ചെയ്യേണ്ട വിഷയങ്ങൾ തന്നെയാണ്. വിദ്യാഭ്യാസ രംഗത്ത് ഏതു ചെറിയ കാര്യവും വലിയ ചലനങ്ങൾ സൃഷ്ടിക്കുന്ന കാര്യമാണെന്ന് നാമെല്ലാവരും അംഗീകരിച്ചിട്ടുണ്ട്. സംസ്ഥാനത്ത് അദ്ധ്യാപകരുടെ കാര്യം ഇപ്പോൾ ഇവിടെ പറഞ്ഞല്ലോ. നമ്മളെന്തിന് എതിർക്കുന്നതെന്നു ചോദിച്ചു. എതിർത്തില്ല. നമ്മുടെ കെ.ഇ.ആർ. അനുസരിച്ച് ഒരു ഡിവിഷന് ഒരു അദ്ധ്യാപകനെന്നാണ്. കെ.ഇ. ആറിൽ മാറ്റം വരുത്തണം. എന്നാൽ ഇതിലെന്താണ് പറയുന്നത്. ഒരു ഡിവിഷന് രണ്ടും മൂന്നും അദ്ധ്യാപകർ വേണം. ഇതെങ്ങനെയാണ്

LIBRARY ARCHIVES Kerala Legislative Assembly

സാധിക്കുക. എങ്ങനെ മാറ്റം വരുത്താൻ സാധിക്കും. 25 ശതമാനം ഇവിടെ ചർച്ച ചെയ്യപ്പെട്ടതാണ്. ശ്രീ. പി. ജയരാജനൊക്കെ ചോദിച്ചതാണ്. അൺ-എയ്ഡഡ് സ്കൂളുകളിൽ 25 ശതമാനം റിസർവ്വേഷൻ കൊടുക്കുന്നു. നല്ല കാര്യം. പക്ഷെ 75 ശതമാനം ഫീസ് സർക്കാർ കൊടുക്കണം.

മി. സ്പീക്കർ : യെസ്... യെസ്...

ശ്രീ. എം. വിജയകുമാർ : അല്ല. സമയമുണ്ട് സർ. ഇത് പാസ്സാക്കണ്ടേ. ഇത് ഏറ്റവും പ്രധാനപ്പെട്ട പ്രമേയമാണ്. അതിന്റെ കാര്യങ്ങളിലേക്ക് കടക്കുന്നതേയുള്ളൂ. ഞാൻ ഉള്ള സമയത്ത് നിർത്താൻ നോക്കാം. കാരണം ഇന്നത്തെ പരിമിതിയുണ്ട് എനിക്കറിയാം. ....(ബഹളം)..... ഒരു പ്രമേയം എവിടെ എടുക്കാൻ പറ്റും. വെറും സാങ്കേതികമായി ഇതിനെ കാണരുത്. നാലു പ്രമേയമെടുക്കാമായിരുന്നു, ശ്രീ. വിഷ്ണുനാഥിനെപോലെ എല്ലാവരും മാതൃകാപരമായി പ്രസംഗിച്ചിരുന്നെങ്കിൽ.... .....(ബഹളം).....

മി. സ്പീക്കർ : യെസ്... യെസ്...

ശ്രീ. എം. വിജയകുമാർ : ഇത് പാസ്സാക്കാം. അതിന്.... ഈ സമയം വെറുതേ അപഹരിക്കരുത്. .... (ബഹളം)..... എന്താണെന്ന് എനിക്ക് മനസ്സിലായില്ല. ഇതു സംബന്ധിച്ച് പ്രസക്തമായ കാര്യങ്ങൾ മാത്രമേ പറയുന്നുള്ളൂ. അല്ലാതെ ഒരു വാക്കുപോലും അധികം പറയുന്നില്ല. 25 ശതമാനം സീറ്റ് സംവരണം കൊടുക്കുമ്പോൾ അതിൽ വരുന്ന ഭാരിച്ച സാമ്പത്തിക ബാദ്ധ്യത ആരു വഹിക്കും. പ്രീ പ്രൈമറി വിദ്യാഭ്യാസം ശക്തിപ്പെടുത്തേണ്ടതിന്റെ ആവശ്യകത ഇതിലില്ല. ഇത് സംബന്ധിക്കുന്ന നിരവധി കാര്യങ്ങളുണ്ട്. അതുപോലെ സ്കൂളുകളുടെ ദൂരപരിധി, ഒരുപാട് ഒരുപാട് വിഷയങ്ങൾ അടങ്ങുന്ന ഒരു കാര്യമാണ് ഇവിടെ പറയുന്നത്. വിദ്യാഭ്യാസ അവകാശ നിയമം മുന്നോട്ടുവച്ച ലക്ഷ്യങ്ങൾ ഇതിനകം നേടിയെടുത്ത കാര്യങ്ങൾക്കായി നമ്മുടെ സംസ്ഥാനം നടത്തിയിട്ടുള്ള നിക്ഷേപമുണ്ട്. അതു കണക്കാക്കി പ്രസ്തുത തുക ആ നിക്ഷേപത്തിന് തുല്യമായ തുക ഗുണമേന്മാ വിദ്യാഭ്യാസം ശക്തിപ്പെടുത്താൻ ആവശ്യമായ പദ്ധതികളിലേക്ക് നൽകണമെന്നാണ് കേരളത്തിന്റെ നിരന്തരമായിട്ടുള്ള ആവശ്യം. ഇവിടെ ശ്രീ. പി. സി. വിഷ്ണുനാഥ് പറഞ്ഞു 9000 കോടിയുടെ കാര്യം, 9000 കോടി രൂപ അല്ല. പരിശോധിച്ചപ്പോൾ പുതിയ വിദ്യാലയങ്ങളുടെ സ്ഥാപനം, അദ്ധ്യാപകരുടെ നിയമനം, അടിസ്ഥാന സൗകര്യങ്ങളൊരുക്കൽ എന്നിവയ്ക്കെല്ലാമായി കേന്ദ്ര വിദ്യാഭ്യാസ അവകാശ നിയമത്തിൽ പറഞ്ഞ കാര്യങ്ങൾ ചെയ്യണമെങ്കിൽ 5000 കോടി രൂപയുടെ ചെലവുണ്ടാകുമെന്നാണ് മതിപ്പുകണക്ക്. ഈ തുക സംസ്ഥാന സർക്കാരിനുമാത്രമായി വഹിക്കാൻ കഴിയാത്ത അവസ്ഥയുള്ളതുകൊണ്ടാണ് കേന്ദ്രത്തോട് ആവശ്യപ്പെട്ടത്. അതാണ് ഈ പ്രമേയത്തിൽ പറയുന്നത്. പ്രസക്തമായിട്ടുള്ള കാര്യമാണ്. നമുക്ക് ഒരു തർക്കത്തിന്റെയും വിഷയമില്ല. ഇത് പൂർണ്ണമായി അംഗീകരിച്ചുകൊണ്ട് ഇനി അധികമായി സംസ്ഥാന സർക്കാരിനുവരുന്ന തുകയാണ് കേന്ദ്രം നൽകേണ്ടതെന്നാണ് പറയുന്നത്. ഈ ഒരു പശ്ചാത്തലത്തിലാണ് സംസ്ഥാനത്തിന്റെ വിദ്യാഭ്യാസത്തിന് കൂടുതൽ തുക നീക്കിവയ്ക്കണമെന്നും മറ്റു വികസന പ്രവർത്തനങ്ങളെ അത് ബാധിക്കാൻ പാടില്ലായെന്നും

LIBRARY ARCHIVES Kerala Legislative Assembly

വിദ്യാഭ്യാസ അവകാശ നിയമം പാലിക്കുകയെന്നത് ഭരണഘടനാപരമായ ബാദ്ധ്യതയായതിനാൽ ഇത് നിറവേറ്റാൻ ആവശ്യമായ അധിക ബാദ്ധ്യത കേന്ദ്ര സർക്കാർ പൂർണ്ണമായും വഹിക്കേണ്ടതുണ്ട്. ഇതൊരു കക്ഷി രാഷ്ട്രീയ പ്രശ്നമായി കണക്കാക്കരുത്. സംസ്ഥാനത്തിന്റെ പൊതുതാല്പര്യമാണ്. ആയതിനുവേണ്ടി പ്രമേയം ഏകകണ്ഠമായി അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

മി. സ്പീക്കർ : ശ്രീ. കെ. ശിവദാസൻ നായർ, അങ്ങേക്ക് ഭേദഗതി അവതരിപ്പിക്കാം.

ശ്രീ. കെ. ശിവദാസൻ നായർ : സർ, താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

2. "നടപ്പാക്കുന്നതിന്റെ ഭാഗമായി" എന്നതിനു പകരം "സംസ്ഥാനത്ത് അടിയന്തരമായി നടപ്പിലാക്കാൻ നടപടി സ്വീകരിക്കണമെന്നും ഇതിനുവേണ്ടി" എന്ന വാക്കുകൾ ചേർക്കുക.

(ii) "പൂർണ്ണമായും" എന്നതിന് പകരം "അമ്പത് ശതമാനം" എന്ന വാക്കുകൾ ചേർക്കുക. ശ്രീ. എം. എം. മോനായി പറഞ്ഞതുപോലെ ചെണ്ട ക്കാരന്റെ ആ ഒരു പൊസിഷനിൽ സംസ്ഥാന ഗവൺമെന്റ് നിൽക്കണ്ട. ഇത് കൺകറന്റ് ലിസ്റ്റിലുള്ള ഒരു കാര്യമാണ്. സംസ്ഥാന ഗവൺമെന്റ്, സംസ്ഥാന ഗവൺമെന്റിന്റെ ഭാഗവും നിർവ്വഹിക്കണം.

മി. സ്പീക്കർ : ശ്രീ. എം. എം. മോനായി, അങ്ങ് ശ്രീ. കെ. ശിവദാസൻ നായർ അവതരിപ്പിച്ച ഭേദഗതി അംഗീകരിക്കുന്നുണ്ടോ ?

ശ്രീ. എം. എം. മോനായി : അംഗീകരിക്കുന്നില്ല.

മി. സ്പീക്കർ : ശ്രീ. കെ. ശിവദാസൻ നായർ അങ്ങയുടെ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ ?

ശ്രീ. കെ. ശിവദാസൻ നായർ : സർ, ഞാൻ പ്രസ് ചെയ്യുന്നു.

മി. സ്പീക്കർ: ശ്രീ. കെ. ശിവദാസൻ നായർ അവതരിപ്പിച്ച ഭേദഗതിയെ,

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ശ്രീ. കെ. ശിവദാസൻ നായർ: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി.)

അനുകൂലിക്കുന്നവർ :

1. ശ്രീ. പി. കെ. അബ്ദുറബ്ബ്
2. " എ. പി. അബ്ദുള്ളക്കുട്ടി

LIBRARY ARCHIVES Kerala Legislative Assembly

3. ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി
4. " സി. ടി. അഹമ്മദ് അലി
5. " ജോർജ് മേഴ്സിയർ
6. " കെ. കുട്ടി അഹമ്മദ് കുട്ടി
7. " കെ. മുഹമ്മദുണ്ണി ഹാജി
8. " എൻ. ശക്തൻ
9. " എ. എ. ഷുക്കൂർ
10. " കെ. ശിവദാസൻ നായർ
11. " എം. ഉമ്മർ
12. " പി. സി. വിഷ്ണുനാഥ്

പ്രതികൂലിക്കുന്നവർ :

1. ശ്രീ. എൻ. അനിരുദ്ധൻ
2. " എ. എം. ആരിഫ്
3. ശ്രീമതി ജെ. അരുന്ധതി
4. ശ്രീ. എ. കെ. ബാലൻ
5. " പള്ളിപ്രം ബാലൻ
6. " എം. ചന്ദ്രൻ
7. " സി. ദിവാകരൻ
8. " പി. ജയരാജൻ
9. " ജോസ് ബേബി
10. " സി. എച്ച്. കുഞ്ഞമ്പു
11. " കെ. വി. കുഞ്ഞിരാമൻ
12. " മാത്യു ടി. തോമസ്
13. " എ. സി. മൊയ്തീൻ
14. " എം. എം. മോനായി
15. " എം. പ്രകാശൻ മാസ്റ്റർ
16. " ബി. രാഘവൻ
17. " എൻ. രാജൻ

522/13

LIBRARY ARCHIVES Kerala Legislative Assembly

18. ശ്രീ. രാജു എബ്രഹാം

19. " വി. ശശികുമാർ

20. " സൈമൺ ബ്രിട്ടോ റോഡ്രിഗ്സ്

21. " വി. എസ്. സുനിൽ കുമാർ

22. " പി. തിലോത്തമൻ

23. " വി. എൻ. വാസവൻ

24. " എം. വിജയകുമാർ

നിഷ്പക്ഷത പാലിക്കുന്നവർ - ആരുമില്ല

മി. സ്പീക്കർ : അനുകൂലിക്കുന്നവർ 12

പ്രതികൂലിക്കുന്നവർ 24

നിഷ്പക്ഷത പാലിക്കുന്നവർ..... ആരുമില്ല

ഭേദഗതി നിരാകരിച്ചിരിക്കുന്നു.

ശ്രീ. എം. എം. മോനായി : അങ്ങയുടെ പ്രമേയം പ്രസ് ചെയ്യുന്നുണ്ടോ ?

ശ്രീ. എം. എം. മോനായി : സർ, ഞാൻ പ്രസ് ചെയ്യുന്നു.

മി. സ്പീക്കർ : ശ്രീ. എം. എം. മോനായി അവതരിപ്പിച്ച പ്രമേയം അംഗീകരിക്കണമെന്ന പ്രശ്നത്തെ,

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ശ്രീ. എം. എം. മോനായി : സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി.)

അനുകൂലിക്കുന്നവർ :

1. ശ്രീ. എൻ. അനിരുദ്ധൻ

2. " എ. എം. ആരിഫ്

3. ശ്രീമതി ജെ. അരുന്ധതി

4. ശ്രീ. എ. കെ. ബാലൻ

5. " പള്ളിപ്രം ബാലൻ

6. " എം. ചന്ദ്രൻ

7. " സി. ദിവാകരൻ

LIBRARY ARCHIVES Kerala Legislative Assembly

8. ശ്രീ. പി. ജയരാജൻ
9. " ജോസ് ബേബി
10. " സി. എച്ച്. കുഞ്ഞമ്പു
11. " കെ. വി. കുഞ്ഞിരാമൻ
12. " മാത്യൂ ടി. തോമസ്
13. " എ. സി. മൊയ്തീൻ
14. " എം. എം. മോനായി
15. " എം. പ്രകാശൻ മാസ്റ്റർ
16. " ബി. രാഘവൻ
17. " എൻ. രാജൻ
18. " രാജു എബ്രഹാം
19. " വി. ശശികുമാർ
20. " സൈമൺ ബ്രിട്ടോ റോഡ്രിഗ്സ്
21. " വി. എസ്. സുനിൽ കുമാർ
22. " പി. തിലോത്തമൻ
23. " വി. എൻ. വാസവൻ
24. " എം. വിജയകുമാർ

പ്രതികൂലിക്കുന്നവർ :

1. ശ്രീ. പി. കെ. അബ്ദുറബ്ബ്
2. " എ. പി. അബ്ദുള്ളക്കുട്ടി
3. " അബ്ദുറഹിമാൻ രണ്ടത്താണി
4. " സി. ടി. അഹമ്മദ് അലി
5. " ജോർജ് മേഴ്സിയർ
6. " കെ. കുട്ടി അഹമ്മദ് കുട്ടി
7. " കെ. മുഹമ്മദുണ്ണി ഹാജി
8. " എൻ. ശക്തൻ
9. " എ. എ. ഷുക്കൂർ
10. " കെ. ശിവദാസൻ നായർ
11. " എം. ഉമ്മർ
12. " പി. സി. വിഷ്ണുനാഥ്

LIBRARY ARCHIVES Kerala Legislative Assembly

നിഷ്പക്ഷത പാലിക്കുന്നവർ - ആരുമില്ല

മി. സ്പീക്കർ : അനുകൂലിക്കുന്നവർ 24

പ്രതികൂലിക്കുന്നവർ 12

നിഷ്പക്ഷത പാലിക്കുന്നവർ.....ആരുമില്ല

പ്രമേയം പാസ്സാക്കിയിരിക്കുന്നു.

ഓർഡർ.... ഓർഡർ..... സഭ ഇപ്പോൾ പിരിയുന്നതും 26-ാം തീയതി രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2010 ജൂലൈ മാസം 26-ാം തീയതി തിങ്കളാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നനായി സഭ ഉച്ചയ്ക്ക് ശേഷം 12.30-ന് പിരിഞ്ഞു.)

അനുബന്ധം 1

[നക്ഷത്ര ചിഹ്നമിടാത്ത ചോദ്യങ്ങളുടെ ചോദ്യം നമ്പർ 69 (5204)]

അധിക ബാച്ചുകൾ അനുവദിച്ച സ്കൂളുകളുടെ പേരു വിവരം

1. ജി.എച്ച്.എസ്.എസ്., പത്തിരിപ്പാല, 1 ബാച്ച്.
2. ജി.എച്ച്.എസ്.എസ്.,കോഴിപ്പാറ, 1 ബാച്ച്.
3. ജി.എച്ച്.എസ്.എസ്, കടമ്പൂർ, 2 ബാച്ച്.
4. ജി.എച്ച്.എസ്.എസ്., കൊടുവായൂർ, 2 ബാച്ച്.
5. ജി.എച്ച്.എസ്.എസ്., തോളന്നൂർ, 1 ബാച്ച്.
6. ജി.എച്ച്.എസ്.എസ്., അഹളി, 1 ബാച്ച്.
7. ജി.എച്ച്.എസ്.എസ്., ആലത്തൂർ, 2 ബാച്ച്.
8. ജി.എച്ച്.എസ്.എസ്., ബിഗാബസാർ, 2 ബാച്ച്.
9. പി.എം.ജി.എച്ച്.എസ്.എസ്., പാലക്കാട്, 2 ബാച്ച്.
10. ജി.എച്ച്.എസ്.എസ്., കൊടുവായൂർ, 2 ബാച്ച്.
11. ജി.എച്ച്.എസ്.എസ്., എടവണ്ണ, 1 ബാച്ച്.
12. ജി.എച്ച്.എസ്.എസ്., കാരക്കുറിശി, 1 ബാച്ച്.
13. ജി.എച്ച്.എസ്.എസ്., ആലത്തൂർ, 1 ബാച്ച്.
14. ജി.എച്ച്.എസ്.എസ്., നിറമരുതൂർ, 2 ബാച്ച്.
15. ജി.എച്ച്.എസ്.എസ്., ചിറ്റൂർ, 1 ബാച്ച്.

LIBRARY ARCHIVES Kerala Legislative Assembly